


വാര്‍ത്താമാസിക

# ടൈംസ് ഓഫ് അമേരിക്ക

# TIMES of AMERICA

2015
മെയ്
Volume VI Issue 68

Times of America Online Monthly News Journal.
web:**mytimesofamerica.com**



Tel: 267-991-2111
e-mail:**timesofamerica@yahoo.com**


## ഒബാമയുടെ മെയിലുകള്‍ വായിച്ചതായി റിപ്പോര്‍ട്ട്



*വാഷിംഗ്ടണ്‍:* പ്രസിഡന്റ് ബരാക് ഒബാമയുടെ ഇ മെയില്‍ കഴിഞ്ഞ ഒക്ടോബറില്‍ വൈറ്റ്ഹൗസില്‍ നടന്ന ഹാക്കിങ്ങില്‍ റഷ്യന്‍ ഹാക്കര്‍മാര്‍ വായിച്ചതായി ന്യൂയോര്‍ക്ക് ടൈംസ് റിപ്പോര്‍ട്ട് ചെയ്യുന്നു.

കഴിഞ്ഞ ഒക്ടോബറിലാണ് ഹാക്കര്‍മാര്‍ വൈറ്റ് ഹൗസിലെ കമ്പ്യൂട്ടര്‍ സംവിധാനത്തിലേക്ക് നുഴഞ്ഞ് കയറിയത്.

രാജ്യരക്ഷയെ ബാധിക്കാത്ത ഇ മെയിലുകളാണ് ഹാക്കര്‍മാര്‍ വായിച്ചത്. എത്ര മെയിലുകള്‍ വായിച്ചുവെന്ന് വൈറ്റ് ഹൗസ് വ്യക്തമാക്കിയിട്ടില്ല.

എന്നാല്‍ പ്രസിഡന്റിന്റെ ഇമെയില്‍ അക്കൗണ്ടില്‍ കയറാനായില്ല.

ഒബാമ വായിച്ചതും അയച്ചതുമായ മെയിലുകള്‍ വായിച്ചതിനെത്തുടര്‍ന്ന് വൈറ്റ് ഹൗസിലെ ഇമെയില്‍ സംവിധാനം ഭാഗികമായി നിര്‍ത്തിവെച്ചിരുന്നതായും വൈറ്റ് ഹൗസ് വൃത്തങ്ങളെ ഉദ്ധരിച്ച് പത്രം വെളിപ്പെടുത്തി.

ഒബാമയുടെ ബ്ലാക്ക്ബെറി ഫോണിനെ നിയന്ത്രിക്കുന്ന സെര്‍വറില്‍ കയറാന്‍ ഹാക്കര്‍മാര്‍ക്ക് കഴിഞ്ഞിട്ടില്ല.

സുരക്ഷയുമായി ബന്ധപ്പെട്ട് ക്ലാസിഫൈഡ്, അണ്‍ക്ലാസിഫൈഡ് വിഭാഗത്തിലായി രണ്ടു കമ്പ്യൂട്ടറുകളാണ് വൈറ്റ് ഹൗസിലുള്ളത്. ഇതില്‍ സുരക്ഷയുമായി ബന്ധപ്പെടാത്ത കമ്പ്യൂട്ടറാണ് ഹാക്കര്‍മാര്‍ നുഴഞ്ഞുകയറിയത്.

## ഫ്രെഡ്ഡി ഗ്രേയുടെ കസ്റ്റഡിമരണം: പ്രതിഷേധം ഉയരുന്നു

*ന്യൂയോര്‍ക്ക്:* ഫ്രെഡി ഗ്രേ എന്ന കറുത്തവര്‍ഗക്കാരന്‍ ബാള്‍ട്ടിമോര്‍ പോലീസിന്റെ കസ്റ്റഡിയില്‍ മരിച്ച സംഭവത്തില്‍ പ്രതിഷേധിച്ച് അമേരിക്കയിലെ വിവിധ നഗരങ്ങളില്‍ പ്രതിഷേധ പ്രകടനങ്ങള്‍ നടന്നു. ന്യൂയോര്‍ക്കില്‍ 60 പ്രകടനക്കാരെ പോലീസ് അറസ്റ്റു ചെയ്തു. വാഷിംഗ്ടണിലും വന്‍ പ്രകടനം നടത്തി.

വൈറ്റ്ഹൗസ് പരിസരത്തു സമാപിച്ച പ്രകടനത്തില്‍ പങ്കെടുത്തവര്‍ പോലീസിന്റെ വംശീയ ഭീകരതയ്ക്ക് എതിരേ ശബ്ദമുയര്‍ത്തി. ബോസ്റ്റണിലും പ്രതിഷേധ പ്രകടനം അരങ്ങേറി.

## കനത്ത മഴ കാരണം നേപ്പാളില്‍ രക്ഷാപ്രവര്‍ത്തനം തടസ്സപ്പെടുന്നു

*കാഠ്മണ്ഡു:* ഭൂകമ്പം നാശം വിതച്ച നേപ്പാളില്‍ കനത്ത മഴ രക്ഷാപ്രവര്‍ത്തനത്തെ തടസപ്പെടുത്തുന്നു. മഴയെ തുടര്‍ന്നു പലതവണ രക്ഷാപ്രവര്‍ത്തനം നിര്‍ത്തി വയ്ക്കേണ്ടിവന്നു. നേപ്പാളില്‍ കുടുങ്ങി കിടക്കുന്ന ഇന്ത്യക്കാരെ രക്ഷിക്കാനുള്ള ശ്രമം തുടരുകയാണ്. ബുധനാഴ്ച രാവിലെ എയര്‍ഫോഴ്സിന്റെ വിമാനത്തില്‍ 323 ഇന്ത്യക്കാരെ തിരികെയെത്തിച്ചു.

കാഠ്മണ്ഡു വിമാനത്താവളത്തിലെ തിരക്കുമൂലം വിമാനമിറക്കാന്‍ സാധിക്കാത്ത സാഹചര്യമുള്ളതിനാല്‍ റോഡു മാര്‍ഗം ആളുകളെ തിരികെയെത്തിക്കാനുള്ള ശ്രമവും ഇന്ത്യ നടത്തുന്നുണ്ട്. ഇതിനായി 110 ബസുകള്‍ ഇന്ത്യ നേപ്പാളിലേക്കയച്ചു.

## മലാലയെ ആക്രമിച്ച കേസില്‍ 10 പേര്‍ക്ക് തടവുശിക്ഷ



*ഇസ്‌ലാമാബാദ്:* പെണ്‍കുട്ടികളുടെ വിദ്യാഭ്യാസ അവകാശത്തിനുവേണ്ടി പോരാടിയ മലാല യൂസഫ് സായിയെ 2012ല്‍ ആക്രമിച്ച കേസിലെ പത്തു പ്രതികള്‍ക്ക് സ്വാത്തിലെ ഭീകരവിരുദ്ധ കോടതി 25 വര്‍ഷംവീതം തടവുശിക്ഷ വിധിച്ചു. ആക്രമണത്തിനു ഗൂഢാലോചന നടത്തിയവരെയാണു ശിക്ഷിച്ചത്. മലാലയെ വെടിവച്ച അക്രമി അതിര്‍ത്തി കടന്ന് അഫ്ഗാനിസ്ഥാനിലേക്കു രക്ഷപ്പെട്ടെന്നാണു നിഗമനം.

സ്വാത്തിലെ മിംഗോറ പട്ടണത്തിലെ സ്കൂളില്‍നിന്നു തിരിച്ചുവീട്ടിലേക്കു പോകാനായി സ്കൂള്‍ ബസില്‍ കയറിയപ്പോഴാണ് 2012 ഒക്ടോബറില്‍ 15 വയസുകാരിയായ മലാലയ്ക്ക് ഭീകരാക്രമണം നേരിടേണ്ടിവന്നത്. തലയ്ക്കു വെടിയേറ്റ മലാലയെ എയര്‍ ആംബുലന്‍സില്‍ ബ്രിട്ടനില്‍ എത്തിച്ചു വിദഗ്ധ ചികിത്സ നല്‍കിയാണു രക്ഷപ്പെടുത്തിയത്. പിന്നീട് അവള്‍ ബ്രിട്ടനില്‍ വിദ്യാഭ്യാസം തുടര്‍ന്നു. മലാലയുടെ രണ്ടു സഹപാഠികള്‍ക്കും പരിക്കേറ്റു.

പെണ്‍കുട്ടികളുടെ വിദ്യാഭ്യാസത്തിനു വേണ്ടി വാദിക്കുകയും ബ്ലോഗ് എഴുതുകയും ചെയ്തതിന്റെ പേരില്‍ താലിബാനാണ് മലാലയെ ആക്രമിച്ചത്. മലാലയ്ക്ക് കഴിഞ്ഞ വര്‍ഷം നൊബേല്‍ പുരസ്കാരം ലഭിച്ചു.

കുട്ടികളുടെ അവകാശത്തിനുവേണ്ടി പോരാടിയ ഇന്ത്യക്കാരന്‍ കൈലാസ് സത്യാര്‍ഥിക്കും മലാലയോടൊപ്പം നൊബേല്‍ ലഭിച്ചു.

## ഫണ്ട് കൈപ്പറ്റിയെന്ന വാദത്തില്‍ കഴമ്പില്ലെന്ന് ഹിലരി

*വാഷിംഗ്ടണ്‍:* ചരിത്രപ്രധാനമായ ഇന്ത്യ-യു.എസ്. ആണവക്കരാര്‍ നിലവില്‍വരാന്‍ 2008ല്‍ ഇന്ത്യയില്‍ നിന്ന് ഫണ്ട് കൈപ്പറ്റിയെന്ന വാദത്തില്‍ കഴമ്പില്ലെന്ന് ഹിലരി ക്ലിന്റന്‍. ഹിലരി ക്ലിന്റന്‍ കുടുംബത്തെ പ്രതിസ്ഥാനത്തു നിര്‍ത്തി പീറ്റര്‍ ഷൈവസര്‍ എഴുതിയ പുസ്തകം മെയ് 5ന് പുറത്തിറങ്ങാനിരിക്കെയാണ് ഹിലരിയുടെ വിശദീകരണം.











# യൂറോപ്പിലെ വാഹനങ്ങളിൽ 2018 മുതൽ എമർജൻസി കോൾ സിസ്റ്റം

**ജോസ് കുമ്പിളുവേലിൽ**

*ബർലിൻ:* യൂറോപ്പിലെ വാഹനങ്ങളിൽ 2018 മുതൽ എമർജൻസി കോൾ സിസ്റ്റം (ഇ കോൾ) നിർബന്ധമാക്കാൻ യൂറോപ്യൻ പാർലമെന്റിൽ തീരുമാനമായി.

സ്ട്രാസ്ബ്ബുർഗിൽ കൂടിയ യൂറോപ്യൻ യൂണിയൻ പാർലമെന്റ് സമ്മേളനത്തിലാണ് ഐക്യകണ്ഠേനയായി നിയമം പാസാക്കിയത്.

സ്വയംപ്രവർത്തിത എമർജൻസി കോൾ (e Call, Automatic Emergency Call System) സിസ്റ്റം ഘടിപ്പിച്ച വാഹനങ്ങൾക്ക് മാത്രമേ സഞ്ചാര സർട്ടിഫിക്കറ്റുകൾ നൽകുകയുള്ളു.

യൂറോപ്പിലെ ഏകീകൃത എമർജൻസി കോൾ നമ്പറായ 112 ആണ് ഇതിനായി ഉപയോഗിക്കുക. 2018 മുതൽ യൂറോപ്പിൽ നിർമിക്കുന്ന വാഹനങ്ങൾ ഇത്തരം സെൻസർ സംവിധാനത്തോടു കുടിയായിരിക്കും പുറത്തിറക്കുക.

വാഹനാപകടങ്ങളിൽപ്പെടുന്നവർക്ക് തുണയാവുന്ന രീതിയിലായിരിക്കും ഈ കോൾ സിസ്റ്റം പ്രവർത്തിക്കുക. സിസ്റ്റത്തിൽ കൃത്യമായ ഡാറ്റകൾ സേവ് ചെയ്തിട്ടാവും ഇതിന്റെ പ്രവർത്തനം. വാഹനം ഓടുന്നതിന്റെ ദിശ, അത്യാഹിത സമയം, സ്ഥലം, വാഹനത്തിന്റെ തരം, എത്ര യാത്രക്കാർ, ഡീസൽ/പെട്രോൾ തുടങ്ങിയ വിവരങ്ങൾ അപകടം ഉണ്ടാവുമ്പോൾ തന്നെ ഓട്ടോമാറ്റിക്കായി 112 നമ്പർ മുഖേന രക്ഷാ കേന്ദ്രങ്ങളിൽ അറിയിച്ചിരിക്കും എന്നതാണ് ഇ കോൾ സിസ്റ്റത്തിന്റെ പ്രത്യേകത. സേവ് ചെയ്തിരിക്കുന്ന വിവരങ്ങൾ ഒരു തരത്തിലും ദുരുപയോഗം ചെയ്യാതിരിക്കാനുള്ള നടപടിയും സിസ്റ്റത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ജിപിഎസ് സംവിധാനത്തിലായിരിക്കും സിസ്റ്റത്തിന്റെ പ്രവർത്തന ക്ഷമത. അപകടത്തിൽപ്പെടുന്നവർ അബോധാവസ്ഥയിലാണങ്കിൽപ്പോലും ഇ കോൾ സന്ദേശം അറിയിച്ചിരിക്കും.

ടോൾ ഫ്രീ സംവിധാനത്തിലായിരിക്കും ഇ കോൾ പ്രവർത്തിക്കുക. നിരന്തരം വർധിച്ചുവരുന്ന അപകടങ്ങളുടെ എണ്ണം എത്രയും കുറച്ചുകൊണ്ടു വരികയാണ് ഇ കോൾ സിസ്റ്റത്തിന്റെ ലക്ഷ്യമെന്ന് ഇയു കമ്മീഷൻ വ്യക്തമാക്കി.

# രാഹുൽ ഗാന്ധി കിസാൻ പദയാത്ര തുടങ്ങി



*നാഗ്പുർ:* കോൺഗ്രസ് വൈസ് പ്രസിഡന്റ് രാഹുൽ ഗാന്ധി മഹാരാഷ്ട്രയിലെ വിദർഭ മേഖലയിൽ നടത്തുന്ന കിസാൻ പദയാത്ര തുടങ്ങി. കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടാണു യാത്ര.

അമരാവദിയിലെ ഗുഞ്ചി ഗ്രാമത്തിൽ നിന്നാണു 15 കിലോമീറ്റർ പദയാത്ര തുടങ്ങിയത്. നിരവധി കോൺഗ്രസ് നേതാക്കളും പ്രവർത്തകരും രാഹുലിനെ അനുഗമിക്കുന്നുണ്ട്.

പ്രദേശത്തെ കർഷക കുടുംബങ്ങൾ സന്ദർശിച്ചാണു രാഹുലിന്റെ യാത്ര. ചില കർഷക കുടുംബങ്ങളിൽ അദ്ദേഹം സമയം ചെലവഴിക്കുകയും ചെയ്യും. കാർഷിക പ്രതിസന്ധിയെ തുടർന്നു നിരവധി കർഷകർ ജീവനൊടുക്കിയ മേഖലയാണു മഹാരാഷ്ട്രയിലെ വിദർഭ.

പദയാത്രയ്ക്കായി രാഹുൽ ബുധനാഴ്ച രാത്രി തന്നെ നാഗ്പൂരിൽ എത്തിയിരുന്നു. തുടർന്നു രാവിലെ 8.30 ഓടെ അദ്ദേഹം ഗുഞ്ചി ഗ്രാമത്തിൽ എത്തി. അവിടെ കർഷകരുമായി സംസാരിച്ച ശേഷമാണു രാഹുൽ യാത്ര തുടങ്ങിയത്.

# സൗദി അറേബ്യൻ ഭരണതലത്തിൽ വൻ അഴിച്ചുപണി



*റിയാദ്:* സൗദി അറേബ്യൻ ഭരണതലത്തിൽ അഴിച്ചുപണി.

പുതിയ രാജാവ് സൽമാൻ ബിൻ അബ്ദുൾ അസീസ് കിരീടാവകാശിയെയും വിദേശകാര്യ മന്ത്രിയെയും മാറ്റി. ഉപകിരീടാവകാശി മുഹമ്മദ് ബിൻ നായെഫിനെ കിരീടാവകാശിയായി പ്രഖ്യാപിച്ചു. ഉപകിരീടാവകാശിയായി തന്റെ പുത്രൻ മുഹമ്മദ് ബിൻ സൽമാനെയാണ് രാജാവ് പ്രഖ്യാപിച്ചത്.

1975 മുതൽ സൗദി വിദേശകാര്യമന്ത്രിയായ സൗദ് ബിൻ ഫൈസലിനെ മാറ്റി അമേരിക്കയിലെ സൗദി അംബാസഡർ അബ്ദൽ അൽ ജുബൈർ ആണ് പുതിയ വിദേശകാര്യമന്ത്രി. സൗദ് രാജകുമാരൻ സ്റ്റേറ്റ് മിനിസ്റ്റർ എന്ന പദവിയിലേക്കു മാറും.

സൗദിയിലെ മുൻ രാജാവ് ഫൈസലിന്റെ പുത്രനാണ് ലോകത്തിൽ ഏറ്റവുമധികം കാലം വിദേശമന്ത്രിപദം വഹിച്ച സൗദ് ബിൻ ഫൈസൽ ബിൻ അബ്ദുൾ അസീസ് അൽ സൗദ്.

സൗദി അരാംകോ ചീഫ് എക്സിക്യൂട്ടീവ് ഖാലിദ് അൽ ഫാലെ പുതിയ ആരോഗ്യ മന്ത്രിയായി. ഒപ്പം അരാംകോയുടെ ചെയർമാൻ സ്ഥാനവും ഖാലിദ് വഹിക്കും. ദീർഘകാലമായി എണ്ണമന്ത്രി അലി അൽ നയ്മി വഹിച്ചിരുന്നതാണ് അരാംകോ ചെയർമാൻ സ്ഥാനം. അരാംകോയുടെ പുതിയ ചീഫ് എക്സിക്യൂട്ടീവിനെ പ്രഖ്യാപിച്ചിട്ടില്ല.

തൊഴിൽ മന്ത്രി ആദൽ ഫകൊയ്ഹിനെ ധന-ആസൂത്രണ മന്ത്രിയാക്കി. ഉപവിദ്യാഭ്യാസമന്ത്രി നോറാ അൽ ഫൈസിനെ മന്ത്രിസഭയിൽ നിന്നു മാറ്റി. ഈ വനിതാ മന്ത്രിയെ മാറ്റിയതിന്റെ കാരണം വ്യക്തമല്ല. സൗദി ഭരണത്തിലെ തലമുറ മാറ്റം പ്രഖ്യാപിക്കുന്ന മാറ്റങ്ങളാണ് സൽമാൻ രാജാവ് ഇപ്പോൾ നടത്തിയത്. ഇതുവരെ രാജവംശ സ്ഥാപകൻ അബ്ദുൾ അസീസിന്റെ മക്കൾ മാത്രമേ രാജാക്കന്മാരോ ഒന്നാം കിരീടാവകാശികളോ ആയിട്ടുള്ളൂ. 70 വയസുള്ള മുക്റിൻ രാജകുമാരനെ മാറ്റി അടുത്ത തലമുറക്കാരനായ മുഹമ്മദ് ബിൻ നായെഫിനെ ഒന്നാം കിരീടാവകാശിയാക്കിയതോടെ ഇനി സൗദി ഭരണം അബ്ദുൾ അസീസിന്റ പുത്രന്മാരുടെ കൈയിലാണ് എന്ന് ഉറപ്പിക്കുകയാണ്. 79 വയസുള്ള രോഗിയായ സൽമാൻ രാജാവ് ഒന്നാം കിരീടാവകാശിയാക്കിയത് 55 വയസുള്ള രാജകുമാരനെയാണ്.

# നിത്യചൈതന്യയതി സൗഹൃദമുദ്ര പുരസ്കാരം ചുനക്കര രാമൻകുട്ടിക്ക്



*മാവേലിക്കര:* ഗുരുനിത്യചൈതന്യയതി ഫൗണ്ടേഷൻ ഏർപ്പെടുത്തിയ ഗുരുനിത്യചൈതന്യയതി സൗഹൃദമുദ്ര പുരസ്കാരം ചുനക്കര രാമൻകുട്ടിക്ക്.

നിത്യചൈതന്യയതി അനുസ്മരണദിനമായ മെയ് 14ന് ഫൗണ്ടേഷൻ ആസ്ഥാനത്തുവച്ച് നടക്കുന്ന സമ്മേളനത്തിൽ വെച്ച് കേരള ഹൈക്കോർട്ട് ജഡ്ജ് ജസ്റ്റീസ് ബാബു മാത്യു പി.ജോസഫ് അവാർഡ് സമ്മാനിക്കും.

ജീവിതവഴികളിലൂടെ പ്രഭാഷണപരമ്പര 11 മുതൽ 13 വരെ. 11ന് മജീഷ്യൻ സാമ്രാജ് ജീവിതവഴികളും മാജിക് ലോകവും എന്ന വിഷയം അവതരിപ്പിക്കും. പ്രസിഡന്റ് ചുനക്കര ജനാർദ്ദനൻ നായർ അദ്ധ്യക്ഷത വഹിക്കും. 12ന് കെ.കെ.സുധാകൻ ജീവിതവഴികളും സാഹിത്യപ്രവത്തനവം എന്ന വിഷയം അവതരിപ്പിക്കും. വൈസ് പ്രസിഡന്റ് അനി വർഗീസ് അദ്ധ്യക്ഷത വഹിക്കും. 13ന് ചുനക്കര രാമൻകുട്ടി ജീവിതവഴികളും നാടകസിനിമാലോകവും എന്ന വിഷയം അവതരിപ്പിക്കും. അഡ്വ.ഇറവങ്കര വിശ്വനാഥൻ അദ്ധ്യക്ഷത വഹിക്കും.

14ന് ഗുരുനിത്യചൈതന്യയതി അനുസ്മരണം. തുടർന്ന് ഇന്ത്യൻ ഭരണഘടനയുടെ ആമുഖം എന്ന വിഷയത്തിൽ ജസ്റ്റീസ് ബാബു മാത്യു പി.ജോസഫ് സ്മാരക പ്രഭാഷണം നടത്തുമെന്ന് ഡയറക്ടർ ജോർജ് തഴക്കര അറിയിച്ചു.

ആയിരത്തോളം സിനിമാഗാനങ്ങളും അഞ്ഞൂറോളം നാടകഗാനങ്ങളും എഴുതിയിട്ടുള്ള ചുനക്കര രാമൻകുട്ടിയുടെ സമഗ്രസംഭാവന പരിഗണിച്ചാണ് അവാർഡ് നൽകുന്നത്.



# കൈവെട്ട് കേസ് പ്രതികളുടെ ശിക്ഷാവിധി 5ന്



*കൊച്ചി:* മതനിന്ദ ആരോപിച്ച് തൊടുപുഴ ന്യൂമാൻ കോളജ് അധ്യാപകൻ പ്രഫ.ടി.ജെ.ജോസഫിന്റെ കൈപ്പത്തി വെട്ടിമാറ്റിയ കേസിൽ 13 പോപ്പുലർ ഫ്രണ്ട് പ്രവർത്തകർ കുറ്റക്കാരാണെന്ന് കൊച്ചി എൻഐഎ കോടതി കണ്ടെത്തി.

കുറ്റപത്രത്തിൽ ഉൾപ്പെട്ട 18 പേരെ വെറുതെ വിട്ടു. പ്രതികൾക്കുള്ള ശിക്ഷ മേയ് അഞ്ചിന് വിധിക്കുമെന്നും കോടതി അറിയിച്ചു. കേസിൽ മുഖ്യപ്രതി അടക്കം അഞ്ച് പേർ ഇപ്പോഴും ഒളിവിലാണ്.

കുറ്റക്കാരാണെന്ന് കണ്ടെത്തിയ 10 പ്രതികൾക്കെതിരേ യുഎപിഎ ചുമത്തിയിയത് കോടതി ശരിവച്ചു. മൂന്ന് പ്രതികൾക്കെതിരേ യുഎപിഎ വകുപ്പ് ചുമത്തിയത് കോടതി ഒഴിവാക്കി. ഇവർക്കെതിരേ ഗൂഢാലോചനക്കുറ്റം മാത്രമാണ് ചുമത്തിയിരിക്കുന്നത്. സിക്കന്ദർ അലിഖാൻ, ഷിയാസ്, സിയാദ്, ഡോ.റെനീഫ്, അബ്ദുൾ സലാം, കമറുദ്ദീൻ, ഫഹദ്, നിയാസ്, മനാഫ്, മൊയ്തീൻകുട്ടി, മുഹമ്മദാലി, അനസ്, കെ.എം.അലി, പി.എം.റഷീദ്, പി.വി.നൗഷാദ്, മാഹിൻകുട്ടി എന്നീ പ്രതികളെയാണ് കോടതി കുറ്റക്കാരല്ലെന്ന് കണ്ടെത്തി വെറുതെ വിട്ടത്.

2010 ജൂലൈ 4നാണു കേസിന് അടിസ്ഥാന സംഭവം. ദേവാലയത്തിൽ പോയി മടങ്ങിവരികയായിരുന്ന അധ്യാപകനെയും ഭാര്യയെയും റോഡിൽ തടഞ്ഞുനിർത്തി അക്രമികൾ കൈപ്പത്തി വെട്ടിമാറ്റുകയായിരുന്നു. ന്യൂമാൻ കോളജിലെ ഇന്റേണൽ പരീക്ഷയുടെ ചോദ്യപ്പേപ്പറിൽ മതനിന്ദയ്ക്ക് ഇടയാക്കുന്ന ചോദ്യം ഉൾപ്പെടുത്തിയെന്ന് ആരോപിച്ചായിരുന്നു ആക്രമണം.

# അപശബ്ദങ്ങൾ കേൾക്കുന്നതുകൊണ്ടാണ് കോൺഗ്രസ് പാർട്ടിയെന്നു പറയുന്നത്: ഉമ്മൻചാണ്ടി



*തിരുവനന്തപുരം:* അപശബ്ദങ്ങൾ കേൾക്കുന്നതു കൊണ്ടാണല്ലോ കോൺഗ്രസ് പാർട്ടിയെന്നു പറയുന്നതെന്നു മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി.

നേതൃമാറ്റവുമായി ബന്ധപ്പെട്ടു കോൺഗ്രസിനുള്ളിൽ അപശബ്ദങ്ങൾ കേൾക്കുന്നുണ്ടല്ലോ എന്ന മാധ്യമ പ്രവർത്തകരുടെ ചോദ്യത്തിനു മന്ത്രിസഭാ തീരുമാനങ്ങൾ വിശദീകരിക്കവേ മറുപടി പറയുകയായിരുന്നു മുഖ്യമന്ത്രി.

ധനമന്ത്രിയുടെ ഔദ്യോഗിക വസതിയിൽ വിജിലൻസ് പരിശോധന നടത്തിയതുമായി ബന്ധപ്പെട്ടു കെ.എം. മാണി തന്നോടു പരാതിയൊന്നും പറഞ്ഞിട്ടില്ല. കെ.എം. മാണിയുടെ വീട്ടിലെ വിജിലൻസ് പരിശോധനയെക്കുറിച്ചു തനിക്ക് അറിയില്ല. പരാതിയുമായി കഴിഞ്ഞദിവസം മാണി തന്നെ ക്ലിഫ് ഹൗസിൽ വന്നു കണ്ടിരുന്നില്ല. എന്നാൽ, ഓഫീസിൽ വച്ചു കണ്ടിരുന്നു. പലപ്പോഴും കാണാറുണ്ട്. പല കാര്യങ്ങളും സംസാരിക്കാറുണ്ട്. മാണിയുടെ വീട്ടിൽ പരിശോധിക്കാൻ വിജിലൻസ് കൊണ്ടുപോയതു ടേപ്പ് ആണോ കയറാണോ എന്നു തനിക്ക് അറിയില്ലെന്നും ഇതു സംബന്ധിച്ച മറ്റു ചോദ്യങ്ങൾക്കു മറുപടിയായി മുഖ്യമന്ത്രി പറഞ്ഞു.

പി.സി. ജോർജിനെ കേരള കോൺഗ്രസിൽ നിന്നു കെ.എം. മാണി പുറത്താക്കാത്ത സാഹചര്യത്തിൽ യുഡിഎഫിൽ നിന്നു മുഖ്യമന്ത്രി പുറത്താക്കണമെന്നും അകത്തുനിന്നാൽ ഇനിയും ആരോപണങ്ങൾ ഉന്നയിക്കുമെന്നുമുള്ള ജോർജിന്റെ ഭീഷണിയെക്കുറിച്ചുള്ള ചോദ്യത്തിന് അതിന് ആരുടെയെങ്കിലും അനുമതി വേണോ എന്നായിരുന്നു മുഖ്യമന്ത്രിയുടെ മറുചോദ്യം.

കഴിഞ്ഞ നാലു വർഷത്തിനിടയിൽ മന്ത്രിസഭാ മാറ്റവുമായി ബന്ധപ്പെട്ട് ആരൊക്കെ എന്തൊക്കെ പറഞ്ഞെങ്കിലും തനിക്ക് എന്തെങ്കിലും മാറ്റം ഉണ്ടായിട്ടുണ്ടോ? ഇത് ഇന്ത്യയാണ്. ആർക്കും എന്തും പറയാം. ഇവരെ നമുക്കു തടയാനാകുമോ എന്നും നേതൃമാറ്റം സംബന്ധിച്ച ചോദ്യങ്ങൾക്കു മറുപടിയായി മുഖ്യമന്ത്രി പറഞ്ഞു.

# ശ്രീപത്മനാഭസ്വാമിക്ഷേത്രകുളത്തിൽ പൈപ്പ് ബോംബ് കണ്ടെത്തിയ സംഭവം നിസാരവത്കരിക്കുന്നു: ക്ഷേത്രസമിതി

*തിരുവനന്തപുരം:* ശ്രീപത്മനാഭസ്വാമി ക്ഷേത്ര കുളത്തിൽ പൈപ്പ് ബോംബുകൾ കണ്ടെത്തിയ സംഭവം പോലീസ് നിസാരവത്ക്കരിക്കുകയാണെന്നു ക്ഷേത്രം ഭരണസമിതി. സംഭവത്തിൽ വിശദമായ അന്വേഷണം ആവശ്യപ്പെട്ടു ക്ഷേത്രം എക്സിക്യൂട്ടീവ് ഓഫീസർ ആഭ്യന്തര സെക്രട്ടറിക്കു കത്തു നൽകി.

# നേതൃത്വമാറ്റം അജണ്ടയിലില്ല: രമേശ് ചെന്നിത്തല



*തിരുവനന്തപുരം:* സർക്കാരിൽ നേതൃമാറ്റം കോൺഗ്രസിന്റെ അജണ്ടയിൽ ഇല്ലെന്ന് ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല. തിരുവനന്തപുരത്തു വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

നേതൃമാറ്റത്തെക്കുറിച്ചു പാർട്ടി ആലോചിച്ചിട്ടു പോലുമില്ല. സർക്കാരിനു നേട്ടങ്ങൾ ഉണ്ടായപ്പോൾ തന്നെ ചില പാളിച്ചകളും പറ്റിയിട്ടുണ്ട്. തെറ്റുകൾ തിരുത്തി മുന്നോട്ടു പോകാനാണ് എല്ലാവരും ശ്രമിക്കുന്നത്. അവസാന വർഷവും മികച്ച ഭരണം തുടർന്നാൽ യുഡിഎഫ് സർക്കാരിനു വീണ്ടും അധികാരത്തിൽ എത്താൻ കഴിയുമെന്നും രമേശ് ചെന്നിത്തല പ്രത്യാശ പ്രകടിപ്പിച്ചു.

# വയനാദിനവും പുസ്തക പ്രകാശനവും നടത്തി



*മാവേലിക്കര:* ഗുരുനിത്യ ചൈതന്യയതി ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ ലോകപുസ്തക ദിനം ആചരിച്ചു. ചുനക്കരജനാർദ്ദനൻ നായർ അദ്ധ്യക്ഷത വഹിച്ചു. ഷേക്സ്പിയർ കൃതികളുടെ സ്വാധീനം മലയാളത്തിൽ എന്ന വിഷയം പ്രൊഫ.വി. രാധാമണിക്കുഞ്ഞമ്മ അവതരിപ്പിച്ചു.

വിവിധ പ്രസാധകരുടെ പതിനാറായിരം രൂപ വില വരുന്ന പുസ്തകങ്ങൾ ചെങ്ങന്നൂർ ലൈബ്രറി കൗൺസിൽ സെക്രട്ടറി ബി.ഷാജിലാലിന് അനി വർഗീസും, മാവേലിക്കര ലൈബ്രറി കൗൺസിൽ സെക്രട്ടറി രഘുപ്രസാദിന് പ്രൊഫ.എൻ.പരമേശ്വരനും നൽകി.

ജീവൻ പബ്ലിക്കേഷൻസ് പ്രസിദ്ധീകരിച്ച റഷ്യൻ സാഹിത്യത്തിലെ നവരത്നങ്ങൾ എന്ന കൃതിയുടെ പ്രകാശനം ആലപ്പുഴ ജില്ലാ പ്രസ്ക്ലബ് സെക്രട്ടറി കെ.ജി.മുകുന്ദൻ ജില്ലാ ലൈബ്രറി കൗൺസിൽ വൈസ് പ്രസിഡന്റ് കെ.ആർ.മുരളീധരനു നൽകി പ്രകാശനം ചെയ്തു.

# പ്രൊഫ.വി.രാധാമണിക്കുഞ്ഞമ്മയുടെ കാവ്യസമാഹാരം പ്രകാശനം ചെയ്തു



*മാവേലിക്കര:* പന്തളം എൻ.എസ്.എസ്.കോളജ് മുൻ പ്രിൻസിപ്പലും ഡി.സി ബുക്സിനുവേണ്ടി പത്തോളം ലോകക്ലാസിക് കൃതികളുടെ വിവർത്തകയുമായ പ്രൊഫ. വി.രാധാമണിക്കുഞ്ഞമ്മയുടെ പ്രഥമ കാവ്യസമാഹാരമായ 'അഗ്രേപശ്യാമി' സാംസ്കാരിക വകുപ്പ് നരേന്ദ്രപ്രസാദ് നാടക പഠന ഗവേഷണകേന്ദ്രം അംഗമായ ഡോ. വി.ചിത്രരാജൻ നിത്യചൈതന്യയതി ഫൗണ്ടേഷൻ ട്രഷററായ മിനി ജോർജിന് നൽകി പ്രകാശനം ചെയ്തു.

സാഹിത്യപോഷിണി പത്രാധിപർ ചുനക്കര ജനാർദ്ദനൻനായർ അദ്ധ്യക്ഷത വഹിച്ചു. ആകാശവാണി പ്രോഗ്രം എക്സിക്യൂട്ടീവ് മുരളീധരൻ തഴക്കര കൃതി പരിചയപ്പെടുത്തി.

പ്രശസ്ത നോവലിസ്റ്റ് ബെന്യാമിൻ മുഖ്യപ്രഭാഷണം നടത്തി. പ്രൊഫ.ചന്ദ്രശേഖരൻ നായർ ആശംസ അർപ്പിച്ചു. ശ്യാം പരമേശ്വരൻ സ്വാഗതവും പ്രൊഫ.രാധാമണിക്കുഞ്ഞമ്മ കൃതജ്ഞതയും പറഞ്ഞു.

അതീവലളിതവും ജീവിതത്തിന്റെ സുന്ദരഭാവങ്ങളോട് ആഭിമുഖ്യം പുലർത്തുന്നതുമായ നാല്പത്തിരണ്ട് കവിതകളുടെ സമാഹാരമാണ് അഗ്രേ പശ്യാമി. ഇതിന്റെ ആമുഖപഠനം തയ്യാറാക്കിയത് പ്രശസ്ത നിരൂപകൻ ഡോ. കെ.എസ്.രവികുമാറാണ്.

For Advertisement Tel: 267-991-2111
CONTACT US

## PEACE OF MIND CHARITIES, LLC
130 Alburger Ave, Philadelphia. PA 19115,



*ഫിലഡൽഫിയ:* പീസ് ഓഫ് മൈൻഡ് ചാരിറ്റീസിന്റെ നേതൃത്വത്തിൽ ടൈംസ് ഓഫ് അമേരിക്ക ഓൺ ലൈൻ ന്യൂസിന്റെയും കേരളത്തിൽ പ്രവർത്തിച്ചുവരുന്ന ഗുരു നിത്യ ചൈത ന്യ യതി ഫൗണ്ടേഷന്റെയും സഹകരണത്തിൽ ചികിത്സാ സഹായവും വിദ്യാഭ്യാസ സ്കോളർഷിപ്പും നൽകുവാനുള്ള പദ്ധതികൾക്ക് തുടക്കം കുറിച്ചിരിക്കുന്നു.

സാമ്പത്തിക ക്ലേശത്താൽ നട്ടംതിരിയുന്ന കുടുംബങ്ങൾക്ക് രോഗചികിത്സയ്ക്കും വിദ്യാഭ്യാസ സഹായത്തിനുമായി പീ സ് ഓഫ് മൈൻഡ് ചാരിറ്റീസ് ഫണ്ട് സമാഹരിക്കുന്നു.

നിങ്ങൾ നൽകുന്ന ജീവകാരുണ്യ തുക പീസ് ഓഫ് മൈൻ ഡിലൂടെ നിങ്ങൾ നിർദ്ദേശിക്കുന്ന അർഹതയുള്ള വ്യക്തികൾക്കു നൽകുവാനുള്ള പദ്ധതിയും ഇതോടൊപ്പം ചെയ് തുവരുന്നു.

അർഹരായവരുടെ കൈകളിൽ നിങ്ങൾ നൽകുന്ന സഹാ യം നൽകുവാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. ജനനം, മാമോദിസ, വിവാഹം തുടങ്ങിയുള്ള ആഘോഷങ്ങളിൽ നി ന്നും ഒരു നിശ്ചിത തുക ജീവകാരുണ്യപ്രവർത്തനങ്ങൾ ക്കായി നീക്കിവയ്ക്കുവാൻ തീരുമാനിക്കുകയും നിങ്ങളുടെ സുഹൃത്തുക്കളോടും, ബന്ധുക്കളോടും ഇതിന്റെ ആവശ്യകതയെക്കുറിച്ചു ബോധ്യപ്പെടുത്തുകയും ചെയ്യുന്നതിലൂടെ അനേകരെ ജീവിതത്തിലേക്ക് തിരിച്ചു കൊണ്ടുവരുവാനും കൈപിടിച്ചുയർത്തുവാനും കഴിയും. അവരുടെ പ്രാർത്ഥന നിങ്ങളുടെ ജീവിതത്തെ കുറച്ചു കൂടി മെച്ചപ്പെടുത്തുവാൻ സഹായിക്കും.



വാർത്താസമാഹരണം
ജോയിച്ചൻ പുതുക്കുളം

# ഇൻഡോ–അമേരിക്കൻ പ്രസ്ക്ലബിന്റെ പ്രഥമ അന്തർദേശീയ മാധ്യമസമ്മേളനം 2015 ഒക്ടോബറിൽ



*ന്യൂയോർക്ക്:* നോർത്ത് അമേരിക്കയിലെ സ്വതന്ത്ര മാധ്യമപ്രവർത്തകരുടെ ഏറ്റവും വലിയ കൂട്ടായ്മയായ ഇൻഡോ–അമേരിക്കൻ പ്രസ്ക്ലബിന്റെ (ഐഎപിസി) പ്രഥമ അന്തർദേശീയ മാധ്യമസമ്മേളനം ഒക്ടോബർ 9 മുതൽ 12 വരെ ന്യൂയോർക്കിൽ നടക്കുന്നതാണ്. ചുരുങ്ങിയ കാലംകൊണ്ട് മാധ്യമസ്വാതന്ത്ര്യ സംരക്ഷണത്തിനും പ്രോത്സാഹനത്തിനും നിരവധി പദ്ധതികൾ IAPC കാഴ്ചവച്ചു വരികയാണ്. സെമിനാറുകൾക്കും സമ്മേളനങ്ങൾക്കും ശിൽപശാലകൾക്കും പുറമേ വളർന്നുവരുന്ന മാധ്യമപ്രവർത്തകർക്കു പുതിയ അവസരങ്ങളും നൽകുന്ന ശക്തമായ ഒരു സംഘടനയായി ഐഎപിസി വളർന്നുകൊണ്ടിരിക്കുന്നു. ഈ കൂട്ടായ്മ അമേരിക്കയിലെ ഇന്ത്യൻ മാധ്യമപ്രവർത്തകരുടെ പരസ്പര സഹകരണം ഉയർത്തുവാനും പത്രപ്രവർത്തനരംഗത്തെ നൂതന സംവിധാനങ്ങളും ആശയങ്ങളും പങ്കുവയ്ക്കുവാനും ലക്ഷ്യമിടുന്നു.

ഒക്ടോബറിൽ വിപുലമായ രീതിയിൽ നടക്കാനിരിക്കുന്ന അന്തർദേശീയ മാധ്യമസമ്മേളനം വളരെ ശ്രദ്ധയാകർഷിക്കപ്പെടാൻ പോവുകയാണ്. സിറ്റിസൺ ജേർണലിസം, ലോക മാധ്യമരംഗത്തെ പുത്തൻ പ്രവണതകൾ, മാധ്യമപ്രവർത്തനത്തിലെ സോഷ്യൽ മീഡിയ സ്വാധീനം തുടങ്ങി വിവിധ വിഷയങ്ങൾ ഉൾക്കൊള്ളിച്ചുള്ള സംവാദങ്ങൾ നടക്കും. മാധ്യമ പ്രവർത്തനത്തെയും അതിന്റെ ചരിത്രത്തെയും അടുത്തറിയാനുതകുന്ന ഫോട്ടോ പ്രദർശനവും ഈ കോൺഫറൻസിന്റെ മുഖ്യ ആകർഷണമാണ്. വിവിധ രാജ്യങ്ങളിലുള്ള പ്രശസ്ത മാധ്യമ പ്രവർത്തകർ ഈ സെമിനാറിന്റെ ഭാഗമാകുന്നുവെന്നു മാത്രമല്ല അവർ നയിക്കുന്ന ഉന്നത നിലവാരമുള്ള സെമിനാറുകളും വർക്ക്ഷോപ്പുകളും ഈ കോൺഫറൻസിനെ മികവുറ്റതാക്കുമെന്നതിൽ സംശയമില്ല.

ഇതോടനുബന്ധിച്ച് ബൃഹത്തായ ഒരു സുവനീർ പ്രകാശനം ചെയ്യപ്പെടുന്നതാണ്. അമേരിക്കയിലെയും ഇന്ത്യയിലെയും പ്രശസ്തരായ എഴുത്തുകാരുടെ ഈടുറ്റ ലേഖനങ്ങളും കഥകളും കവിതകളും പരിചയപ്പെടുത്തലുകളും ചരിത്രസംഭവങ്ങളും, ചിത്രങ്ങളുംകൊണ്ട് സമ്പന്നമായ ഒരു സ്മരണികയായി എന്നും സൂക്ഷിക്കാവുന്ന രീതിയിൽ ഈ സുവനീർ പ്രസിദ്ധീകരിക്കാനുള്ള പരിപാടികൾ IAPC ആസൂത്രണം ചെയ്തുവരുന്നു. ഇതിനുപുറമേ അംഗങ്ങളുടെ എഴുത്തുശൈലികളും കഴിവും വെളിവാക്കുന്ന രചനകളും സംഘടനയുടെ അഭൂതപൂർവമായ വളർച്ചയുടെ ഫോട്ടോകളും ഉൾപ്പെടുത്തുന്നതാണ്. വ്യക്തികളുടെയും കുടുംബങ്ങളുടെയും കോംപ്ലിമെന്റുകളും ഈ സുവനീറിൽ ഉൾപ്പെടുത്തുന്നതാണ്.

IAPC സുവനീറിന്റെ എഡിറ്റോറിയൽ ടീമിനു നേതൃത്വം നല്കുന്നതു രാജു തരകൻ, മാത്യു ജോയ്സ് എന്നിവരാണ്.

ഈ സുവനീറിൽ പങ്കുചേരുവാൻ താത്പര്യമുള്ളവർ ഫുൾസ്കാപ്പ് പേപ്പറിൽ നാല്/അഞ്ച് പേജിനുള്ളിൽ വരുന്ന ലേഖനമോ, കഥകളോ അല്ലെങ്കിൽ ഒരു പേജിൽ ഒതുങ്ങുന്ന കവിതകളോ അയച്ചുതരുക. മലയാളത്തിലും ഇംഗ്ലീഷിലും രചനകൾ അയക്കാവുന്നതാണ്. ലഭിക്കേണ്ട അവസാന തീയതി: 2015 ജൂലൈ 20.

രചനകൾ അയക്കേണ്ട ഇ–മെയിൽ: iapcsouvenir@ gmail.com കൂടുതൽ വിവരങ്ങൾക്ക്: രാജു തരകൻ 469 274 2926, മാത്യു ജോയ്സ് 513 310 9270.

# പ്രവാസി വോട്ടവകാശ നിയമയുദ്ധം ഡോ. ഷംഷീർ പി. വയലിലിനു ന്യൂയോർക്കിൽ സ്വീകരണം

യു.എ. നസീർ



*ന്യൂയോർക്ക്:* പ്രവാസി വോട്ടവകാശത്തിനുവേണ്ടി നിയമയുദ്ധം നടത്തി സുപ്രീം കോടതിയിൽനിന്നു അനുകൂല വിധി സമ്പാദിച്ച ഡോ. ഷംഷീർ പി. വയലിലിനു ജസ്റ്റീസ് ഫോർ ഓൾ (ജെഎഫ്എ) ന്യൂയോർക്കിൽ സ്വീകരണം നൽകി ആദരിക്കുന്നു.

യുണൈറ്റഡ് അറബ് എമിറേറ്റ്സ് (യുഎഇ) ആസ്ഥാനമായി പ്രവർത്തിക്കുന്ന വി.പി.എസ്. ഹെൽത്ത് കെയർ സ്ഥാപകനും പ്രമുഖ വ്യവസായിയുമാണു ഡോ. ഷംഷീർ. യുഎഇ, ഒമാൻ, ഇന്ത്യ, നോർത്ത് ആഫ്രിക്ക എന്നിവിടങ്ങളിൽ അദ്ദേഹത്തിന്റെ ഉടമസ്ഥതയിലുള്ള ഹെൽത്ത്കെയർ സിസ്റ്റം സ്ഥാപിച്ച് ആരോഗ്യമേഖലകളിൽ നിരവധി പരീക്ഷണ നിരീക്ഷണങ്ങൾ നടത്തി ജനോപകാരപ്രദമായ ഒട്ടനവധി സത്ക്കർമങ്ങളും അദ്ദേഹം നടത്തിവരുന്നു.

ഡോ. ഷംഷീറിന്റെ പ്രവർത്തനമേഖലകളിലെ നൈപുണ്യം കണക്കിലെടുത്ത് ഐക്യരാഷ്ട്ര സഭയുടെ പ്രത്യേക ക്ഷണിതാവായിട്ടാണ് അദ്ദേഹം ന്യൂയോർക്കിലെത്തുന്നത്. മേയ് 4–ാം തീയതി ഞായറാഴ്ച വൈകിട്ട് ഏഴിനു യോങ്കേഴ്സിലുള്ള ഇൻഡോ–അമേരിക്കൻ യോഗ ഇൻസ്റ്റിറ്റ്യൂട്ടിൽ (54 യോങ്കേഴ്സ് ടെറസ്, യോങ്കേഴ്സ്, ന്യൂയോർക്ക് 10704) വച്ചാണ് ഡോ. ഷംഷീറിനു സ്വീകരണം നൽകുന്നത്.

ചടങ്ങിൽ ജെഎഫ്എ ചെയർമാൻ തോമസ് കൂവള്ളൂർ അദ്ധ്യക്ഷത വഹിക്കും. പ്രഫ. ജോയ് ടി. കുഞ്ഞാപ്പു പ്രധാന പ്രാസംഗികനായിരിക്കും. ജോർജ് ഏബ്രഹാം (ചെയർമാൻ, ഐഎൻഒസി), ഇട്ടൻ ജോർജ് പാടിയേടത്ത് (പ്രസിഡന്റ്, ഇന്ത്യൻ അമേരിക്കൻ മലയാളി കമ്മ്യൂണിറ്റി ഓഫ് യോങ്കേഴ്സ്/ജെഎഫ്എ ബോർഡ് മെംബർ), എം.കെ. മാത്യൂസ് (വൈസ് ചെയർമാൻ, ജെഎഫ്എ), ഗോപിനാഥ് കുറുപ്പ് (ബോർഡ് ഓഫ് ഡയറക്റ്റർ ജെഎഫ്എ/പ്രസിഡന്റ്, അയ്യപ്പ സേവാ സംഘം) എന്നിവരും പങ്കെടുക്കും.

കൂടുതൽ വിവരങ്ങൾക്ക് തോമസ് കൂവള്ളൂർ 914 409 5772.

# പല്ലാവൂർ പഞ്ചവാദ്യസംഘം ഡാളസിൽ

പി.പി. ചെറിയാൻ



*കരോൾട്ടൺ:* ഡാളസ് കരോൾട്ടൺ സിറ്റിയിൽ കേരള ഹിന്ദു സൊസൈറ്റി നിർമാണം പൂർത്തീകരിച്ചുകൊണ്ടിരിക്കുന്ന ശ്രീ ഗുരുവായൂരപ്പൻ ക്ഷേത്ര പ്രതിഷ്ഠാ ചടങ്ങുകൾക്കായി കേരളത്തിൽനിന്നുള്ള പ്രശസ്ത പല്ലാവൂർ പഞ്ചവാദ്യസംഘം ഡാളസിൽ എത്തിച്ചേർന്നു.

മേയ് 15 മുതൽ 27 വരെയാണു പ്രതിഷ്ഠയും അതിനോടനുബന്ധിച്ചുള്ള ഉത്സവവും ആഘോഷിക്കുന്നത്.

പല്ലാവൂർ ശ്രീധരന്റെ നേതൃത്വത്തിൽ പല്ലാവൂർ ശ്രീകുമാർ, പല്ലാവൂർ രാമചന്ദ്രൻ, പല്ലശന രമേശ്, കോട്ടായി അനൂപ് തിരുവാലത്തൂർ ശിവൻ, കരിയന്നൂർ നാരായണൻ എന്നീ വാദ്യമേളക്കാരാണു സംഘത്തിലുൾപ്പെടുന്നത്.

വിഗ്രഹ പ്രതിഷ്ഠയോടനുബന്ധിച്ചു തത്വകലശം, ബ്രഹ്മ കലശം, പ്രതിഷ്ഠ, ഉത്സവ ബലി ചടങ്ങുകൾക്കു കൊട്ടുന്ന വലിയ പാണി ഈ ചെണ്ടവിദ്യാന്മാരുടെ സവിശേഷതയാണ്. തായമ്പക, പഞ്ചാരി, പാണ്ടി, ചെമ്പട, പഞ്ചവാദ്യം എന്നീ മേളങ്ങൾ ആസ്വദിക്കാൻ ശ്രീ ഗുരുവായൂരപ്പൻ ക്ഷേത്ര പ്രതിഷ്ഠാ ദിവസങ്ങളിൽ ക്ഷേത്ര കലാപ്രേമികൾ എത്തിച്ചേരണമെന്നു ഡാളസ് കേരള ഹിന്ദു സൊസൈറ്റി പ്രസിഡന്റ് ഗോപാല പിള്ള അഭ്യർഥിച്ചു.

പഞ്ചവാദ്യ സംഘത്തിന്റെ മേള പെരുമ സംഘടിപ്പിക്കാൻ താത്പര്യമുള്ളവർ 976 646 1463 എന്ന നമ്പരിൽ ബന്ധപ്പെടണമെന്നു ഡാളസ് കേരള ഹിന്ദു സൊസൈറ്റി ചെയർ ശ്രീഹരി പിള്ള അറിയിച്ചു.

# കേരളൈറ്റ്സ് സീനിയർ സിറ്റിസൺസ് അസോസിയഷൻ ഓഫ് കാനഡയുടെ ഉദ്ഘാടനം നടന്നു

*ടൊറന്റോ:* കേരളൈറ്റ്സ് സീനിയർ സിറ്റിസൺസ് അസോസിയഷൻ ഓഫ് കാനഡയുടെ ഉദ്ഘാടനം ഒന്റാരിയോ കമ്യുണിറ്റി ആൻഡ് സോഷ്യൽ സർവീസ് മന്ത്രി ഹെലന ജാസക് നിർവഹിച്ചു.

ഏപ്രിൽ 24ന് മിസിസാഗയിലെ മാൾട്ടൻ കമ്യൂണിറ്റി സെന്ററിൽ നടന്ന പ്രത്യേക ചടങ്ങിൽ സാമൂഹിക സാംസ്കാരിക നേതാക്കന്മാർ ഉൾപ്പെടെ നിരവധി പേർ സന്നിഹിതരായിരുന്നു. എംപിമാരായ കെയിൽ സീബക്, ബ്രാഡ് ബട്ട് എന്നിവർ ആശംസകൾ നേർന്നു. ഫാ. ഡാനിയേൽ പുല്ലേലിൽ സ്വാഗതവും ജോർജ് ജോർജ് കൃതജ്ഞതയും അർപ്പിച്ചു. ടി.ജെ. ജേക്കബ് മാസ്റ്റർ മാസ്റ്റർ ഓഫ് സെറിമണി ആയിരുന്ന ചടങ്ങിൽ മലയാളി രത്നയും കലാപ്രതിഭയുമായ ആദി ശങ്കർ ബോളിവുഡ് ഡാൻസ് അവതരിപ്പിച്ചു.

# അറ്റ്ലാന്റയിൽ സുവിശേഷ യോഗം 9ന്

■ ജീമോൻ റാന്നി



*അറ്റ്ലാന്റ:* സെന്റ് തോമസ് ഇവാഞ്ചലിക്കൽ ചർച്ച് ഓഫ് ഇന്ത്യ അറ്റ്ലാന്റ ഇടവകയുടെ ആഭിമുഖ്യത്തിൽ ഒമ്പതിന് വൈകിട്ട് 6.30 മുതൽ ഓക് റോഡ് ലൂഥറൻ ചർച്ചിൽ (Oak Road Lutheran Church, 1004, oak Rd Sw, Lilburn, GA 30047) സുവിശേഷ യോഗം നടത്തുന്നു.

പ്രശസ്ത ദൈവശാസ്ത്ര ചിന്തകനും പ്രഭാഷകനും ചെന്നൈ ജൂബിലി മെമ്മോറിയൽ ബൈബിൾ കോളജ് പ്രിൻസിപ്പലുമായ റവ. ഡോ. സണ്ണി സി. ജോൺ തിരുവചന ശുശ്രൂഷയ്ക്കു നേതൃത്വം നൽകും.

ആത്മീയവിരുന്നിലേക്ക് ഏവരെയും സ്വാഗതം ചെയ്യുന്നതായി സംഘാടകർ അറിയിച്ചു.

വിവരങ്ങൾക്ക്: റവ. കെ.ബി. കുരുവിള 281 636 0327, സന്തോഷ് തോമസ് 404 542 1616, തോമസ് ജോൺ 757 839 3691, സതീഷ് തോമസ് 404 348 6182.

# ഇന്ത്യൻ കോൺസുലേറ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം: പ്രവാസി മലയാളി ഫെഡറേഷൻ



■ ജീമോൻ റാന്നി

*ഡാളസ്:* അമേരിക്കയിലെ ഇന്ത്യൻ കോൺസുലേറ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി കൈക്കൊള്ളണമെന്നു പ്രവാസി മലയാളി ഫെഡറേഷൻ (പിഎംഎഫ്) ഡാളസ് ഫോർട്ട് വർത്ത് മെട്രോപ്ലക്സ് യൂണിറ്റിന്റെ പ്രവർത്തകയോഗം ഇന്ത്യാ ഗവൺമെന്റിനോട് അഭ്യർഥിച്ചു.

പാസ്പോർട്ട്, വീസ തുടങ്ങിയ ആവശ്യങ്ങൾക്കായി അമേരിക്കയിലെ ഇന്ത്യൻ കോൺസുലേറ്റുകളെ സമീപിക്കുമ്പോൾ പ്രവാസികൾക്കു ലഭിക്കുന്ന പ്രതികരണം അത്യന്തം നിരാശാജനകമാണെന്നു യോഗം അഭിപ്രായപ്പെട്ടു. അടിയന്തരഘട്ടങ്ങളിൽ പോലും യാത്രാ രേഖകൾ ലഭ്യമാക്കുന്നതിനു നിരവധി കടമ്പകൾ തരണം ചെയ്യേണ്ടി വരുന്ന സാഹചര്യമാണ് ഇപ്പോഴുള്ളതെന്ന് യോഗം വിലയിരുത്തി.

എപ്രിൽ 26നു കിയാ റസ്റ്ററന്റിൽ ചേർന്ന പ്രവർത്തക യോഗത്തിൽ നേപ്പാൾ പ്രകൃതി ദുരന്തത്തിൽ അകാല മൃത്യു വരിച്ച ഇന്ത്യൻ പ്രവാസികൾ ഉൾപ്പെടെ ആയിരക്കണക്കിനു ജനങ്ങളുടെ സ്മരണകൾക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിച്ചാണു യോഗ നടപടികൾ ആരംഭിച്ചത്.

പ്രസിഡന്റ് തോമസ് രാജൻ അധ്യക്ഷത വഹിച്ചു. ഓഗസ്റ്റ് ആദ്യവാരം തിരുവനന്തപുരത്തു നടക്കുന്ന സംഘടനയുടെ രണ്ടാമത് ഗ്ലോബൽ കൺവൻഷൻ വിജയിപ്പിക്കുന്നതിനും സമ്മേളനത്തിൽ ഡിഎഫ്ഡബ്ല്യു യൂണിറ്റിൽ നിന്നു മൂന്നു പ്രതിനിധികളെ പങ്കെടുപ്പിക്കുന്നതിനും തീരുമാനിച്ചു. സംഘടനയുടെ മെംബർഷിപ്പ് പ്രവർത്തനം ഊർജിതപ്പെടുത്തുന്നതിനും ഗാർലന്റ്, മസ്കിറ്റ്, സണ്ണിവെയ്ൽ സിറ്റികളിലെ വിദ്യാലയങ്ങളിൽനിന്നും ഉന്നത വിജയം കരസ്ഥമാക്കുന്ന ഹൈസ്കൂൾ ഗ്രാജുവേറ്റ് സിനെ (വാലിഡിക്ടോറിയൻ, സാലുറ്റേറ്റോറിയൻ) ആദരിക്കുന്നതിനും സോഷ്യൽ സെക്യൂരിറ്റി, പെൻഷൻ തുടങ്ങിയ വിഷയങ്ങളിൽ ജനങ്ങളെ ബോധവത്കരിക്കുന്നതിനുള്ള സെമിനാറുകൾ സംഘടിപ്പിക്കുന്നതിനും യോഗം തീരുമാനിച്ചു.

ഗ്ലോബൽ ട്രഷറർ പി.പി. ചെറിയാൻ സംഘടനാ പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിച്ചു. തുടർന്നു നടന്ന സംഘടനാ ചർച്ചയിൽ ഏലിയാസ് മർക്കോസ്, രാജൻ മേപ്പുറം, സാം മത്തായി തുടങ്ങിയവർ സജീവമായി പങ്കെടുത്തു. സെക്രട്ടറി സിജു വി. ജോർജ് നന്ദി പറഞ്ഞു.

# കേരള അസോസിയേഷൻ ഓഫ് ഡാളസ്-കേരളൈറ്റ്സ് 16ന്

■ പി.പി. ചെറിയാൻ




*ഡാളസ്:* കേരള അസോസിയേഷൻ ഓഫ് ഡാളസ് എല്ലാ വർഷവും നടത്തിവരാറുള്ള കേരള നൈറ്റ് ഈ വർഷം 16നു(ശനി) നടക്കുമെന്ന് അസോസിയേഷൻ ഭാരവാഹികൾ അറിയിച്ചു.

കരോൾട്ടൻ ഡോവു ക്രിക്കറ്റിലെ സെന്റ് ഇഗ്നേഷ്യസ് മലങ്കര യാക്കോബായ ചർച്ച് ഓഡിറ്റോറിയത്തിൽ വൈകുന്നേരം ആറിന് ആരംഭിക്കും. പ്രവേശന ഫീസായി ഒരു ഡോളർ നിശ്ചയിച്ചിട്ടുണ്ട്.

പരിപാടികൾ അവതരിപ്പിക്കാൻ താത്പര്യമുള്ളവർ മുൻകൂട്ടി അഞ്ചിനു മുമ്പ് രജിസ്റ്റർ ചെയ്യേണ്ടതാണ്. രണ്ടിൽ കൂടുതൽ ഇനങ്ങൾ അവതരിപ്പിക്കാൻ അനുവദിക്കുകയില്ല.

വളർന്നുവരുന്ന കലാകാരന്മാർക്ക് അവരുടെ കഴിവുകൾ പ്രകടിപ്പിക്കുന്നതിനു ഒരു വേദി ഒരുക്കുക എന്നതാണു കേരള നൈറ്റുകൊണ്ട് ലക്ഷ്യമിടുന്നതെന്ന് അസോസിയേഷൻ സെക്രട്ടറി റോയ് കൊടുവത്ത് അറിയിച്ചു. വിശദ വിവരങ്ങൾക്ക് 69 463 6869.

# ഫ്ളോറിഡ ബോർഡ് ഓഫ് പ്രഫഷണൽ എൻജിനിയേഴ്സ് നിർവ്വഹണ സമിതിയിലേക്കു ബാബു വർഗീസ്



*മയാമി:* ഫ്ളോറിഡ ബോർഡ് ഓഫ് പ്രഫഷണൽ എൻജിനിയേഴ്സ് നിർവ്വഹണ സമിതിയിലേക്കു ബാബു വർഗീസിനെ ഫ്ളോറിഡ ഗവർണർ റിസ്ക്സ്കോട്ട് നിയമിച്ചു. ഈ നിയമന ഉത്തരവ് 2015 ഫെബ്രുവരി മുതൽ പ്രാബല്യത്തിലാണ്.

1917-ൽ ഫ്ളോറിഡ സംസ്ഥാന നിയമനിർമാണ സമിതിയാണ് എൻജിനിയറിംഗ് ബോർഡ് രൂപവത്കരിച്ചത്. സംസ്ഥാനത്തെ എൻജിനിയറിംഗ് നിർമാണ പ്രവർത്തനങ്ങൾ വ്യക്തികളുടെ ജീവനും ആരോഗ്യത്തിനും സുരക്ഷിതത്വം നല്കുന്നതിനും, ഇന്ന് ഫ്ളോറിഡ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യാനിരിക്കുന്ന മുപ്പത്തയ്യായിരം എൻജിനിയറിംഗ് ലൈസെൻസികളുടെ അപേക്ഷകൾ പരിശോധിക്കുന്നതിനും പരീക്ഷകൾ നടത്തുന്നതിനും അർഹരായവർക്ക് ലൈസൻസുകൾ പുതുക്കി നല്കുന്നതിനും കുറ്റക്കാർക്കെതിരേ ശിക്ഷണ നടപടികൾ കൈക്കൊള്ളുന്നതിനും ഈ ബോർഡിനധികാരമുണ്ട്.

1984-ൽ കൊച്ചിൻ യൂണിവേഴ്സിറ്റി സയൻസ് ആൻഡ് ടെക്നോളജിയിൽനിന്ന് എൻജിനിയറിംഗ് ബിരുദം നേടി, സ്കോളർഷിപ്പോടുകൂടി അമേരിക്കയിൽ ഉപരിപഠനത്തിനെത്തിയ ബാബു വർഗീസ് എൻജിനിയറിംഗിൽ മാസ്റ്റർ ബിരുദം നേടി.

ഇന്ന് ഫ്ളോറിഡായിലും, കേരളത്തിലുമായുള്ള ആപ്ടെക് എൻജിനിയറിംഗ് ഇൻകോർപറേഷന്റെ പ്രസിഡന്റും പ്രിൻസിപ്പൽ എൻജിനിയറുമാണ്.

അമേരിക്കയിലെ ഒരു ഡസനിലധികം സംസ്ഥാനങ്ങളിൽ എൻജിനിയറിംഗ് ലൈസൻസുള്ള ഇദ്ദേഹം ഡിസൈൻ ചെയ്ത് പൂർത്തീകരിച്ച വലിയ ഷോപ്പിംഗ് മാളുകൾ, ഹൈറെയ്സ് ബിൽഡിംഗുകൾ, ക്രൂസ് ടെർമിനലുകൾ, എയർപോർട്ടുകൾ, വേയ്സ്റ്റു എനർജി ഫെസിലിറ്റികൾ, ഹോട്ടലുകൾ, ഡിപ്പാർട്ട്മെന്റ് മെയിൻ സ്റ്റോറുകൾ തുടങ്ങിയവ അനേകമാണ്. കൂടാതെ ഫോറൻസിക് എൻജിനിയറിംഗ് വിദഗ്ദ്ധനായി കോടതിയിൽ എക്സ്പേർട്ട് വിറ്റ്നസായും പ്രവർത്തിക്കുന്നു.

ഫ്ളോറിഡയിലെ വിവിധ മതസ്ഥാപനങ്ങളുടെയും നിർമാണപ്രവർത്തനങ്ങളിൽ അദ്ദേഹത്തിന്റെ സേവനം സൗജന്യമായി നൽകാറുണ്ട്.

അമേരിക്കയിലെ ഏറ്റവും വലിയ ഗാന്ധിസ്ക്വയർ സൗത്ത് ഫ്ളോറിഡായിലെ ഡേവി നഗരസഭ അനുവദിച്ചു നല്കിയ ഫാൽക്കൺ ലീയ പാർക്കിൽ മനോഹരമായി ഡിസൈൻ ചെയ്ത് പൂർത്തീകരിച്ചതിനു ബാബു വർഗീസിനെ ഇന്ത്യയുടെ മുൻ രാഷ്ട്രപതി ഡോ. എ.പി.ജെ. അബ്ദുൾ കലാം അഭിനന്ദിച്ചിരുന്നു. ഭാര്യ ആഷ, മക്കളായ ജോർജ്, ആൻമരിയ എന്നിവരും പിതാവിന്റെ പാത പിന്തുടർന്ന് യൂണിവേഴ്സിറ്റി ഓഫ് ഇല്ലിനോയിൽ സ്ട്രക്ചറൽ എൻജിനിയറിംഗിനു പഠിക്കുന്നു.

# ഡോ. സോനൽ തുളി ഫ്ളോറിഡ യൂണിവേഴ്സിറ്റി ഒഫ്താൽമോ ചെയർ



*ഫ്ളോറിഡ:* ഡോ. സോനൽ തുളിയെ ഫ്ളോറിഡ യൂണിവേഴ്സിറ്റി ഒഫ്താൽമോളജി ഡിപ്പാർട്ട്മെന്റ് ചെയർപേഴ്സണായി നിയമിച്ചു. കഴിഞ്ഞ ആറു മാസമായി ഡിപ്പാർട്ട്മെന്റ് ഇടക്കാല ചെയർപേഴ്സണായി ചുമതലകൾ നിറവേറ്റി വരികയായിരുന്നു.

മുംബൈ ഗ്രാൻഡ് മെഡിക്കൽ കോളജിൽനിന്ന് ഒപ്താൽമോളജി പഠനവും ഇന്ത്യൻ യൂണിവേഴ്സിറ്റി ഒപ്താൽമോളജിയിൽനിന്നു റെസിഡൻസിയും പൂർത്തിയാക്കി. 2001ൽ ഫ്ളോറിഡ യൂണിവേഴ്സിറ്റിയിൽ ഉദ്യോഗം സ്വീകരിച്ച ഡോ. സോനലിന്റെ ഔദ്യോഗിക രംഗത്തുള്ള കഴിവുകൾ പരിഗണിച്ചു രണ്ടു വർഷത്തിനുള്ളിൽ കോർണിയ ഡിവിഷന്റെ ഡയറക്ടറായി സ്ഥാനകയറ്റം ലഭിച്ചു. അധികം താമസിയാതെ പ്രഫസർ എന്ന പദവിയും സോനലിനു ലഭിച്ചു. യൂണിവേഴ്സിറ്റി ഓഫ് ഫ്ളോറിഡയിൽ ആദ്യമായാണ് ഒഫ്താൽമോളജി ഡിപ്പാർട്ട്മെന്റ് ചെയറായി ഒരു ഇന്ത്യൻ വനിത നിയമിതയാകുന്നത്.

റിപ്പോർട്ട്: പി.പി. ചെറിയാൻ

## പ്രവാസി മലയാളി ഫെഡറേഷൻ യൂറോപ്പ് നേപ്പാളിലേക്കു സഹായം എത്തിക്കുന്നു

■ പി.പി. ചെറിയാൻ




*വിയന്ന:* ഭൂകമ്പത്തെ തുടർന്ന് ആയിരക്കണക്കിനാളുകൾ മരണമടയുകയും പതിനായിരങ്ങൾക്ക് പരുക്കേൽക്കുകയും വീടും, മറ്റു വസ്തുവകകളും നഷ്ടപ്പെടുകയും ചെയ്ത നേപ്പാളിലേക്ക് പ്രവാസി മലയാളി ഫെഡറേഷൻ (പിഎംഎഫ്) ഓസ്ട്രിയ സഹായം എത്തിക്കുന്നതായി ഓസ്ട്രിയൻ യൂണിറ്റ് പ്രസിഡന്റ് ജോർജ് പടിക്കക്കുടി അറിയിച്ചു.

പ്രവാസി മലയാളി ഫെഡറേഷന്റെ സഹായത്തിന്റെ ആദ്യപടിയായി സംഘടനയുടെ നേതൃത്വത്തിൽ വസ്ത്രങ്ങളും പുതപ്പുകളും ശേഖരിച്ച് പ്രോസി ഗ്ലോബൽ ചാരിറ്റി ഫൗണ്ടേഷന്റെ സഹായത്തോടെ അയയ്ക്കുന്നതിനായാണ് ഉദ്ദേശിക്കുന്നത്. കഴിഞ്ഞ ദിവസം വിയന്നയിൽ കൂടിയ കമ്മിറ്റിയിലാണു തീരുമാനം കൈക്കൊണ്ടത്. അതിനായുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞതായി യൂറോപ്യൻ റീജൺ ചെയർമാൻ സിറിൾ മനിയാനിപ്പുറത്ത്, യൂറോപ്യൻ റീജൺ പ്രസിഡന്റ് ജോഷിമോൻ എറണാകേരിൽ, ഓസ്ട്രിയൻ ജനറൽ സെക്രട്ടറി ഷിൻഡോ ജോസ് അക്കരെ, പിഎംഎഫ് ഗ്ലോബൽ ഡയറക്ടർബോർഡ് അംഗം പ്രിൻസ് പള്ളിക്കുന്നേൽ, ഗ്ലോബൽ കോഓർഡിനേറ്റർ ജോസ് മാത്യു പനച്ചിക്കൽ എന്നിവർ അറിയിച്ചു.

## കാൻജ് കളേഴ്സ് ഓഫ് ഇന്ത്യ മേയ് 30ന്; ശോഭന ടിക്കറ്റ് വില്പന ഉദ്ഘാടനം ചെയ്തു



■ ഇടിക്കുള ജോസഫ്

*ന്യൂജേഴ്സി:* കേരള അസോസിയേഷൻ ഓഫ് ന്യൂജേഴ്സിയുടെ (കാൻജ്) ആഭിമുഖ്യത്തിൽ കളേഴ്സ് ഓഫ് ഇന്ത്യ എന്ന നൃത്ത സംഗീത സന്ധ്യയുടെ ടിക്കറ്റ് വിൽപ്പനയുടെ ഔപചാരിക ഉദ്ഘാടനം സിനിമാതാരം ശോഭന നിർവഹിച്ചു.

ചടങ്ങിൽ കാൻജ് പ്രസിഡന്റ് ജെ. പണിക്കർ, കാൻജ് മുൻ പ്രസിഡന്റ് ജിബി തോമസ്, ട്രസ്റ്റി ബോർഡ് ചെയർപേഴ്സൺ ഷീല ശ്രീകുമാർ, പ്രോഗ്രാം കൺവീനർ മാലിനി നായർ, കോകൺവീനർ സ്വപ്ന രാജേഷ്, കോകൺവീനർ നീന സുധീർ, ട്രസ്റ്റി ബോർഡ് മെംബർ രുഗ്മിണി പദ്മകുമാർ, സണ്ണി വാലിപ്ലാക്കൽ, രാധ പണിക്കർ, ജോയിന്റ് സെക്രട്ടറി ജോസഫ് ഇടിക്കുള തുടങ്ങിയവർ പങ്കെടുത്തു.

മേയ് 30നു(ശനി) വൈകുന്നേരം 4.30നു വുഡ്ബ്രിഡ്ജ് ഹൈസ്കൂളിൽ നടക്കുന്ന കളേഴ്സ് ഓഫ് ഇന്ത്യ എന്ന നൃത്ത സംഗീതസന്ധ്യ, ഭാരതത്തിലെ വിവിധ സംസ്ഥാനങ്ങളിലെ പ്രമുഖ നൃത്തരൂപങ്ങൾ ഒരു വേദിയിൽ അവതരിപ്പിക്കാൻ കേരള അസോസിയേഷൻ ഓഫ് ന്യൂജേഴ്സി വേദി ഒരുക്കുമ്പോൾ വൈവിധ്യംകൊണ്ടു പ്രോഗ്രാം ജനശ്രദ്ധ നേടുന്നു.

വിവിധ നൃത്തരൂപങ്ങൾ പ്രമുഖ കലാകാരന്മാരും കലാകാരികളും അവതരിപ്പിക്കുമ്പോൾ പ്രമുഖ ഗായകരും പരിപാടിക്കു മാറ്റുകൂട്ടാൻ ഒത്തു ചേരുന്നു.

എല്ലാ കലാസ്നേഹികളെയും ഈ പരിപാടിയിലേക്കു സ്വാഗതം ചെയ്യുന്നതായി കൺവീനർ മാലിനി നായർ, കോ-കൺവീനർമാരായ സ്വപ്ന രാജേഷ്, നീന സുധീർ എന്നിവർ പ്രസ്താവനയിൽ അറിയിച്ചു.

പ്രമുഖ റിയൽ എസ്റ്റേറ്റ് ഗ്രൂപ്പ് ആയ പബ്ലിക് ട്രസ്റ്റ് ആണു പരിപാടിയുടെ പ്രധാന സ്പോൺസർ. പ്രവേശനം പാസു മൂലം നിയന്ത്രിക്കുന്നതായിരിക്കും.

കൂടുതൽ വിവരങ്ങൾക്ക് : ജെ. പണിക്കർ 7324854710, മാലിനി നായർ 7325018647.

## അബർഡീൻ സെന്റ് ജോർജ് യാക്കോബായ പള്ളിയിൽ ഗീവർഗീസ് സഹദായുടെ ഓർമപെരുന്നാൾ



*അബർഡീൻ:* അബർഡീൻ സെന്റ് ജോർജ് യാക്കോബായ പള്ളിയിൽ വിശുദ്ധ ഗീവർഗീസ് സഹദായുടെ ഓർമപെരുന്നാളും ഇടവക ദിനവും 16, 17 തീയതികളിൽ ആഘോഷിക്കുന്നു.

ഡീൻ മാസ്ട്രിക്ക് ഡ്രൈവിലുള്ള സെന്റ് ക്ലെമെന്റ്സ് എപ്പിസ്കോപ്പൽ പള്ളിയിലാണ് പെരുന്നാളാഘോഷം.

16ന് വൈകിട്ട് ആറിനു കൊടിയേറ്റുന്നതോടെ പെരുന്നാൾ ചടങ്ങുകൾ ആരംഭിക്കും വൈകുന്നേരം 6.15നു സന്ധ്യാപ്രാർഥന, തുടർന്നു സൺഡേ സ്കൂൾ കുട്ടികളുടെ കലാപരിപാടികൾ എന്നിവ അരങ്ങേറും.

17ന് രാവിലെ 11.45നു പ്രഭാത നമസ്കാരവും തുടർന്ന് ഫാ. തോമസ് പുതിയാമഠം, ഫാ. ഗീവർഗീസ് തണ്ടായത്ത്, റവ.ഡോ.ബിജി ചിറത്തലാട്ട് എന്നിവരുടെ കാർമികത്വത്തിൽ വിശുദ്ധ മൂന്നിന്മേൽ കുർബാനയും വിശുദ്ധ ഗീവർഗീസ് സഹദായോടുള്ള മധ്യസ്ഥപ്രാർഥന, അനുഗ്രഹ പ്രഭാഷണം, പ്രദക്ഷിണം, ആശീർവാദം, കൈമുത്ത്, ആദ്യഫലലേലം, നേർച്ചസദ്യ എന്നിവ നടക്കും.

പെരുന്നാളിൽ നേർച്ചകാഴ്ചകളുമായി പങ്കെടുത്ത് വിശുദ്ധന്റെ അനുഗ്രഹം നേടാൻ ഏവരെയും വികാരി ഫാ. ബിജി ചിറത്തലാട്ട് സ്വാഗതം ചെയ്തു.

കൂടുതൽ വിവരങ്ങൾക്ക്: ഫാ. ബിജി ചിറത്തലാട്ട് (വികാരി) 07460235878, രാജു വേലംകാലായിൽ (സെക്രട്ടറി) 07789411249, 01224 680500, മാത്യു ബിനോജ് (ട്രഷറർ) 07914766095, 01224 443107.

## യോങ്കേഴ്സിൽ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസ് കിക്കോഫ്

*യോങ്കേഴ്സ്, ന്യൂയോർക്ക്:* 2015 ജൂലൈ 15 മുതൽ 18 വരെ ന്യൂയോർക്കിലെ എല്ലൻവിൽ ഹോണേഴ്സ് ഹേവൻ റിസോർട്ട് സെന്ററിൽ നടക്കുന്ന മലങ്കര ഓർത്തഡോക്സ് സിറിയൻ സഭയുടെ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസിനു മുന്നോടിയായി ഭദ്രാസനത്തിലെ വിവിധ ദേവാലയങ്ങളിൽ നടക്കുന്ന വിശദീകരണ യോഗം (കിക്ക് ഓഫ്) ഏപ്രിൽ 26നു(ഞായർ) 50 ലഡ്‌ലോ സ്ട്രീറ്റ് യോങ്കേഴ്സ് ന്യൂയോർക്കിലെ സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് ചർച്ച് ഓഫ് ബ്രോങ്ക്സിൽ നടന്നു.

വിശുദ്ധ കുർബാനയ്ക്കു ശേഷം ചർച്ച് ഓഡിറ്റോറിയത്തിൽ ചേർന്ന യോഗത്തിൽ ഇടവകവികാരി ഫാ. ഫിലിപ്പ് സി. ഏബ്രഹാം സ്വാഗതം പറഞ്ഞു. വിവിധ ഇടവകകളിലായി ആരാധിക്കുന്ന സഭാമക്കൾക്ക് ഏതാനും ദിവസങ്ങൾ ഒരുമിച്ച് ആരാധിക്കുവാനും ആശയങ്ങൾ കൈമാറാനും കൂട്ടായ്മയുടെ അനുഭവം പങ്കിടുവാനുമുള്ള അവസരമെന്ന നിലയിൽ കഴിയുന്നത്ര ആളുകൾ കോൺഫറൻസിൽ സംബന്ധിക്കണമെന്ന് ഫാ.ഫിലിപ്പ് സി. ഏബ്രഹാം ഉദ്ബോധിപ്പിച്ചു. കോൺഫറൻസ് രജിസ്ട്രേഷന്റെ പുരോഗതിയെ സംബന്ധിച്ചുള്ള ഏറ്റവും പുതിയ വിവരങ്ങൾ കോൺഫറൻസ് ട്രഷറർ തോമസ് ജോർജ് നൽകി. കോൺഫറൻസിൽ രജിസ്റ്റർ ചെയ്യുവാൻ താത്പര്യമുള്ളവർ എത്രയും വേഗം രജിസ്റ്റർ ചെയ്യണമെന്നും അദ്ദേഹം പറഞ്ഞു. കൺവൻഷൻ സുവനീർ കമ്മിറ്റിയംഗമായ എബി കുര്യാക്കോസ്, തന്റെ കുടുംബവും കഴിഞ്ഞ ഏഴു വർഷവും തുടർച്ചയായി കോൺഫറൻസിൽ സംബന്ധിച്ചുവരികയാണെന്നും തങ്ങളെ സംബന്ധിച്ചിടത്തോളം ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസ് അനുഗ്രഹപ്രദമായ ഒരനുഭവമാണെന്നും പറഞ്ഞു. സുവനീർ എഡിറ്റോറിയൽ ബോർഡംഗമായ വർഗീസ് പ്ലാമൂട്ടിലും സംസാരിച്ചു.

പള്ളിയുടെ ഡയോസിസൻ പ്രതിനിധി പൗലോസ് പറമ്പിൽ ട്രഷറർ തോമസ് ജോർജിൽ നിന്നും രജിസ്ട്രേഷൻ ഫോമുകൾ സ്വീകരിച്ചു സംസാരിച്ചു. സുവനീർ കമ്മിറ്റിയംഗം അനിൽ ഏബ്രഹാം, പള്ളി സെക്രട്ടറി ജീജോ ചെറിയാൻ, ട്രഷറർ വർഗീസ് മാമ്മൻ എന്നിവരും സന്നിഹിതരായിരുന്നു. ഫാ. ഫിലിപ്പ് സി.ഏബ്രഹാമും അജി ചെറിയാനും കുടുംബവും തങ്ങളുടെ കൺവൻഷൻ രജിസ്ട്രേഷൻ ഭാരവാഹികൾക്കു കൈമാറി.

മലേഷ്യയിലെ കലാലംപുർ സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ വികാരിയും പ്രശസ്ത വേദശാസ്ത്ര പണ്ഡിതനും സുവിശേഷ പ്രാസംഗികനുമായ ഫാ. ഫിലിപ്പ് തോമസ് കോർ എപ്പിസ്കോപ്പയാണ് കൺവൻഷനിലെ മുഖ്യ പ്രഭാഷകൻ. ബൈബിളിലെ 145-ാം സങ്കീർത്തനം 4-ാം വാക്യത്തെ അടിസ്ഥാനമാക്കി 'തലമുറ തലമുറയോടു നിന്റെ ക്രിയകളെ പുകഴ്ത്തി നിന്റെ വീര്യ പ്രവൃത്തികളെ പ്രസ്താവിക്കും' എന്നതാണ് ഈ വർഷത്തെ ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസിന്റെ പ്രതിപാദ്യവിഷയം.

## ടൊറന്റോയിലെ സീറോ മലബാർ പള്ളിയുടെ ധനശേഖരണാർത്ഥമുള്ള 'റിമി ടീം റോക്ക്സ്' എന്ന പരിപാടി

*ടൊറന്റോ:* 2015 മേയ് 15നു വൈകുന്നേരം ഏഴിനു 2700 Bristol Circle, Oakville -ലുള്ള മീറ്റിംഗ് ഹൗസിൽ വച്ച് ടൊറന്റോയിലെ സീറോ മലബാർ പള്ളിയുടെ ധനശേഖരണാർത്ഥമുള്ള 'റിമി ടീം റോക്ക്സ്' എന്ന പരിപാടി നടത്തുന്നതാണ്. പ്രസ്തുത പ്രോഗ്രാമിന്റെ ടിക്കറ്റ് വിൽപ്പന, പ്രശസ്തമായ റീമാക്സ് റിയൽട്രോൺ റിയാലിറ്റി ബ്രോക്കറേജ് (Remax Real tron Realty Brokerage) ഏജന്റും, കാനഡയിലെ അതിപ്രശസ്തമായ ജോർജ് ബ്രൗൺ കോളജ് പ്രഫസറുമായ ജോസുകുട്ടി ചൂരവടിക്ക് ആദ്യ ടിക്കറ്റ് നൽകിക്കൊണ്ട് ഇടവക വികാരി റവ. ഡോ. ജോസ് കല്ലുവേലിൽ നിർവഹിച്ചു. പ്രോഗ്രാമിന്റെ നടത്തിപ്പിനായി സെക്രട്ടറി സജിമോൻ ജോസഫിന്റെയും, പ്രോഗ്രാം കൺവീനർ പയസ് ജോസഫിന്റെയും ഫിനാൻസ് കൺവീനർ ജോൺ ചേന്നോത്തിന്റെയും നേതൃത്വത്തിൽ 51 അംഗ കമ്മിറ്റി പ്രവർത്തനം ആരംഭിച്ചു.

# ലിബിയയിൽ എത്യോപ്യൻ ക്രിസ്ത്യൻ യുവാക്കളെ കൂട്ടക്കുരുതി ചെയ്ത സംഭവം: മാർ നിക്കോളോവോസ് അനുശോചിച്ചു

■ ജോർജ് തുമ്പയിൽ



*ന്യൂജേഴ്സി:* ലിബിയയിൽ ഐഎസ് ഭീകരർ കൊലപ്പെടുത്തിയ 30 എത്യോപ്യൻ ഓർത്തഡോക്സ് ക്രിസ്ത്യൻ യുവാക്കളുടെ വിയോഗത്തിൽ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസനത്തിലെ വൈദികരുടെയും വിശ്വാസി സമൂഹത്തിന്റെയും ആദരാഞ്ജലികളും പ്രാർഥനയും അറിയിച്ച് ഭദ്രാസന മെത്രാപ്പോലീത്ത സഖറിയാ മാർ നിക്കോളോവോസ് എത്യോപ്യൻ ഓർത്തഡോക്സ് തെവാഹെദോ ചർച്ച് ആർച്ച്ഡയോസിസ് ആർച്ച്ബിഷപ് എബ്യൂൺ സഖറിയാസിനു കത്തയച്ചു.

ഏറെ അപലപിക്കപ്പെട്ട അർമീനിയൻ വംശീയ കൂട്ടക്കൊലയുടെ നൂറാം വാർഷികത്തോടനുബന്ധിച്ച് അർമേനിയൻ ഓർത്തഡോക്സ് ചർച്ച് ഓഫ് അമേരിക്കയുടെ കിഴക്കൻ ഭദ്രാസനത്തിലെ ആർച്ച്ബിഷപ് കജഗ് ബർസാമിയനും അർമേനിയൻ അപ്പസ്തോലിക് ചർച്ച് ഓഫ് അമേരിക്കയുടെ ആർച്ച് ബിഷപ് ഒഷാഗൻ ചോലോയാനും അടുത്തനാളിൽ മാർ നിക്കോളോവോസ് കത്തയച്ചിരുന്നു.

അർമേനിയൻ കൂട്ടക്കൊലയിൽ രക്തസാക്ഷികളായവരുടെ വിശുദ്ധപദവി പ്രഖ്യാപനം പരിശുദ്ധ എച്മിയാസ്ഡിനിൽ നടക്കുന്ന വേളയിൽ, കിഴക്കിന്റെ കാതോലിക്കാ മോറാൻ മാർ ബസേലിയോസ് മാർത്തോമ പൗലോസ് രണ്ടാമനും മറ്റ് ഓറിയന്റൽ ഓർത്തഡോക്സ് സഹോദരി സഭകളുടെ മേലധ്യക്ഷർക്കൊപ്പം പങ്കെടുക്കുന്നതിൽ മാർ നിക്കോളോവോസ് സന്തോഷം അറിയിച്ചു.

30 രക്തസാക്ഷികൾക്കും വേണ്ടി നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസനത്തിലെ വൈദികരുടെയും വിശ്വാസി സമൂഹത്തിന്റെയും സമാധാനകാംക്ഷികളായ എല്ലാവരുടെയും നിരന്തര പ്രാർഥനകളും മാർ നിക്കോളോവോസ് അഭ്യർഥിച്ചു. സഹോദരി സഭയായ അർമേനിയൻ ഓർത്തഡോക്സ് സഭയോടുള്ള സ്നേഹവും പിന്തുണയും പ്രഖ്യാപിച്ച മെത്രാപ്പോലീത്ത അർമേനിയൻ കൂട്ടക്കൊലയുടെ പിന്നിലെ സത്യം വെളിച്ചത്തുകൊണ്ടുവരുന്നതിനു ഭദ്രാസനത്തിന്റെ പിന്തുണയും പ്രതിബദ്ധതയും അറിയിച്ചു.

# ടൊറന്റോ യുണിയൻ–എയർപോർട്ട് അതിവേഗ ട്രെയിൻ ജൂൺ 6 മുതൽ

■ ജയ്ശങ്കർ പിള്ള





*ടൊറന്റോ:* ടൊറന്റോ യൂണിയൻ–എയർപോർട്ട് അതിവേഗ ട്രെയിൻ (അപ്) ജൂൺ ആറു മുതൽ ഓടിത്തുടങ്ങും.

25 കിലോ മീറ്റർ ഉള്ള റെയിൽ സർവീസ് പ്രവർത്തനം ആരംഭിക്കുന്നതോടെ ടൊറന്റോയുടെ മുഖച്ഛായയിൽ വൻ മാറ്റങ്ങൾ ആണ് ഉണ്ടാകുവാൻ പോകുന്നത്. 25 മിനിട്ടു കൊണ്ടു യാത്ര പൂർത്തിയാക്കുന്ന രീതിയിൽ ആണ് സർവീസ്. ഓരോ 15 മിനിറ്റിലും ഒരു സർവീസ് എന്ന നിരക്കിൽ 18 ട്രെയിനുകൾ 140 ട്രിപ്പുകൾ എന്ന കണക്കിൽ ആണു പ്രാഥമിക യാത്രകൾ ക്രമീകരിച്ചിരിക്കുന്നത്. വരും വർഷങ്ങളിൽ ട്രിപ്പുകളുടെയും ട്രെയിനുകളുടെയും എണ്ണത്തിൽ വർധനയുണ്ടാകും. പാൻ അമേരിക്കൻ ഗെയിമിന് ആതിഥ്യം അരുളുന്ന ടൊറന്റോയുടെ യാത്രാക്ലേശം പരിഹരിക്കുന്നതിന് ഈ റെയിൽ വലിയ സ്ഥാനം വഹിക്കും. എയർ പോർട്ടിനും യൂണിയനും ഇടയിലായി ബ്ലോർ, വെസ്റ്റേൺ എന്നിങ്ങനെ രണ്ടു സ്റ്റേഷനുകൾ കൂടി 'അപ്' ട്രെയിനിന് ഉണ്ടാകും.

ഒരു വശത്തേക്ക് 27 ഡോളർ, 50 സെന്റ് ടിക്കറ്റ് നിരക്കിലുള്ള സർവീസ് വരുന്നതോടെ ആദ്യവർഷം 12 ലക്ഷം സ്വകാര്യ വാഹനങ്ങൾ നിരത്തിൽനിന്ന് അപ്രത്യക്ഷമാകും. ഇതു ഹൈവയിലെയും മറ്റു റീജണൽ റോഡുകളിലെയും തെരക്ക് ഒഴിവാക്കും. എയർ പോർട്ടിന്റെ വിവിധ ടെർമിനലുകളിലും മറ്റു സ്റ്റേഷനുകളിലും കൂടുതൽ പാർക്കിംഗ് സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

പ്രീമിയർ കാതറിൻ വൈൻ, ട്രാൻസ്പോർട്ട് മന്ത്രി സ്റ്റീഫൻ ഡെൽ ഡ്യൂക്, മെട്രോലിങ്ക് പ്രസിഡന്റ് ബ്രൂസ് മക്വെന്റെൻ എന്നിവർ യൂണിയനിൽ നിന്നു പിയെർസൻ വരെ ട്രെയിനിൽ യാത്ര ചെയ്തതിനു ശേഷം ആണു ട്രെയിനിന്റെ കന്നി യാത്ര പ്രഖ്യാപിച്ചത്.

# ആയുർവേദത്തിന്റെ പ്രസക്തി വർദ്ധിക്കുന്നു: പുന്നൂസ് വൈദ്യൻ

■ പി.പി. ചെറിയാൻ





*ഡാളസ്:* ആഗോളതലത്തിൽ, പ്രത്യേകിച്ച് അമേരിക്കയിൽ അജ്ഞാതമായ പല മാരക രോഗങ്ങളും വ്യാപകമാകുകയും, ജനങ്ങളുടെ ജീവനും, ആരോഗ്യത്തിനും ഭീഷിണിയുയർത്തുകയും ചെയ്യുന്നു. ഈ രോഗങ്ങളെ യഥാവിധി കണ്ടെത്തുന്നതിനും ഫലപ്രദമായ ചികിത്സകൾ നൽകുന്നതിനും അലോപ്പതി ചികിത്സ സമ്പ്രദായം പൂർണമായും വിജയിക്കുന്നില്ല. കോടിക്കണക്കിനു ഡോളറാണ് അലോപതി ചികിത്സാ ഗവേഷണങ്ങൾക്കായി അമേരിക്ക ഉൾപ്പെടെ ലോകരാഷ്ട്രങ്ങൾ ചെലവഴിക്കുന്നത്. വലിയ സാമ്പത്തിക ചെലവുകൾ ഇല്ലാതെ സഹസ്രാബ്ദങ്ങൾക്കു മുമ്പ് ഋഷിവര്യരും, പ്രകൃതി ചികിത്സാ വിദഗ്ധരും ലക്ഷണം നോക്കിയും, സ്പർശിച്ചും രോഗനിർണയം നടത്തിയും, പ്രകൃതിയിൽനിന്നുള്ള സസ്യാദികൾ, വൃക്ഷങ്ങൾ എന്നിവരുടെ ഇല, പൂവ്, കായ, വേര് എന്നിവ ഉപയോഗിച്ചു ഫലപ്രദമായ ആയുർവേദ ചികിത്സകൾ നടത്തുകയും, രോഗം പൂർണമായും ഭേദമാക്കുകയും ചെയ്തിരുന്നു. ഈ രഹസ്യം മനസ്സിലാക്കി പ്രകൃതിയിലേക്കു മടങ്ങുമ്പോൾ ആയുർവേദത്തിന്റെ പ്രസക്തി വർധിക്കുകതന്നെ ചെയ്യുമെന്നു പ്രശസ്ത ആയുർവേദ ഡോക്ടർ പുന്നൂസ് വൈദ്യൻ അഭിപ്രായപ്പെട്ടു.

ഏപ്രിൽ 25നു (ശനിയാഴ്ച) കേരള അസോസിയേഷൻ ഓഫ് ഡാളസ് സംഘടിപ്പിച്ച സീനിയർ ഫോറത്തിൽ ആയുർവേദവും, ആരോഗ്യവും എന്ന വിഷയത്തെ ആസ്പദമാക്കി പ്രഭാഷണം നടത്തുകയായിരുന്നു പുന്നൂസ് വൈദ്യൻ. അസോസിയേഷൻ പ്രസിഡന്റ് ബാബു സി. മാത്യു വൈദ്യനെ സദസിനു പരിചയപ്പെടുത്തുകയും, സ്വാഗതമാശംസിക്കുകയും ചെയ്തു. മെഡികെയർ, മെഡിക്കെയ്ഡ് എന്ന വിഷയത്തെക്കുറിച്ച് മെനു, സോഷ്യൽ സെക്യൂരിറ്റി എപ്പോൾ, എങ്ങനെ അപേക്ഷിക്കാം എന്നതിനെ കുറിച്ചു സ്പെക്ട്രം റീജൺ ഡയറക്ടർ ഷിജു ഏബ്രഹാമും പ്രത്യേക പഠന ക്ലാസുകൾ നടത്തി.

സദസ്യരുടെ ചോദ്യങ്ങൾക്കു പ്രബന്ധകർത്താക്കൾ മറുപടി നൽകി. സെക്രട്ടറി റോയ് കൊടുവത്ത് സ്വാഗതം പറഞ്ഞു. വിഭവസമൃദ്ധമായ ഉച്ചഭക്ഷണത്തോടെ സീനിയർ ഫോറം സമാപിച്ചു.

# ജയ്ഹിന്ദ് വാർത്ത സാഹിത്യ അവാർഡ് വിതരണവും ന്യൂസ് പോർട്ടൽ ഉദ്ഘാടനവും 8ന്

*ന്യൂയോർക്ക്:* അമേരിക്കയിലെ പ്രമുഖ മലയാള പത്രമായ ജയ്ഹിന്ദ് വാർത്തയുടെ ഒന്നാം വാർഷികത്തോടനുബന്ധിച്ചു നടത്തിയ സാഹിത്യമത്സരങ്ങളുടെ വിജയികൾക്കുള്ള അവാർഡുകൾ 8നു വിതരണം ചെയ്യും.

ന്യൂയോർക്കിലെ ഫ്ളോറൽ പാർക്കിലെ ടൈസൻ സെന്ററിൽ വൈകുന്നേരം 6.30നു നടക്കുന്ന ചടങ്ങിലാണ് അവാർഡുകൾ വിതരണം ചെയ്യുന്നത്. മികച്ച ചെറുകഥ, കവിത എന്നീ വിഭാഗങ്ങളിലാണ് അവാർഡുകൾ. പ്രവാസ ലോകത്തെ, പ്രത്യേകിച്ച് അമേരിക്കയിലെ എഴുത്തുകാരെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണു ജയ്ഹിന്ദ്വാർത്ത സാഹിത്യ മത്സരം നടത്തിയത്. മാതൃഭാഷയെ സ്നേഹിക്കുന്ന മലയാളി വായനക്കാരുടെ മികച്ച പിന്തുണയാണു മത്സരത്തിനു ലഭിച്ചത്. അമേരിക്കയുടെ വിവിധ ഭാഗങ്ങളിൽനിന്നും രാജ്യത്തിനു പുറത്തുനിന്നും മത്സരത്തിന് എൻട്രികൾ ലഭിച്ചു. നൂറുകണക്കിന് ലഭിച്ച എൻട്രികളിൽനിന്നു വിജയികളെ തെരഞ്ഞെടുക്കുക എന്ന ശ്രമകരമായ ദൗത്യം നിർവഹിച്ചത് പ്രമുഖ തിരക്കഥാകൃത്ത് ജോൺ പോൾ അധ്യക്ഷനായ മൂന്നംഗ ജൂറിയാണ്. തിരക്കഥാകൃത്തും സംവിധായകനുമായ പി.എഫ്. മാത്യൂസ്, മുതിർന്ന പത്രപ്രവർത്തകനും എഴുത്തുകാരനുമായ ജെക്കോബി എന്നിവരാണു മറ്റ് ജൂറി അംഗങ്ങൾ.

ഐ.വി.ശശി, ഭരതൻ, പി. ജി.വിശ്വംഭരൻ, മോഹൻ, സത്യൻ അന്തിക്കാട് തുടങ്ങി മലയാളത്തിലെ എണ്ണം പറഞ്ഞ സംവിധായകരാണു ജോൺപോളിന്റെ കഥയ്ക്കും തിരക്കഥയ്ക്കും ദൃശ്യഭാഷ ഒരുക്കിയിട്ടുള്ളത്. കുട്ടിസ്രാങ്ക് എന്ന ചിത്രത്തിന്റെ തിരക്കഥയിലൂടെ 2010ൽ ദേശീയ ചലച്ചിത്ര അവാർഡ് മലയാളക്കരയിലേക്ക് എത്തിച്ച അദ്ദേഹത്തിന് ചെറുതും വലുതുമായ നിരവധി അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ട്.

എഴുത്തുകാരനും പത്രപ്രവർത്തകനുമായ ജെക്കോബി, ജോൺപോൾ മാർപാപ്പയുമായി അഭിമുഖം നടത്തിയ അപൂർവം പത്രപ്രവർത്തകരിൽ ഒരാളാണ്. പത്രപ്രവർത്തനത്തിനൊപ്പം ചെറുകഥാ സമാഹം, ജീവചരിത്രം, തർജമകൾ ഉൾപ്പെടെ നിരവധി പുസ്തകങ്ങളുടെ രചയിതാവുകൂടിയാണ് ഇദ്ദേഹം.

മലയാളത്തിലെ തലയെടുപ്പുള്ള എഴുത്തുകാർ ജൂറി അംഗങ്ങളായ അമേരിക്കയിലെ ആദ്യ സാഹിത്യമത്സരം എന്ന പ്രത്യേകതകൂടിയുണ്ട് ഈ മത്സരത്തിന്. അമേരിക്കയിൽ വളർന്നുവരുന്ന മലയാളികളായ പുതുതലമുറയ്ക്കു മാതൃഭാഷയുടെ അക്ഷരവെളിച്ചം പകരുക എന്ന ദൗത്യവുമായി പ്രസിദ്ധീകരണം ആരംഭിച്ച ജയ്ഹിന്ദ്വാർത്ത ആഗോള മലയാളികൾക്കു വേണ്ടി വെബ്സൈറ്റും ആരംഭിക്കുന്നു. ഇതിന്റെ ഉദ്ഘാടനവും അവാർഡ് വിതരണ ചടങ്ങിനൊപ്പം നടക്കും. ലോകത്തിലെ ഓരോ വാർത്താസ്പന്ദനങ്ങളും വായനക്കാരുടെ വിരൽത്തുമ്പിൽ അത്യാധുനിക സംവിധാനങ്ങളോടെ എത്തിക്കുന്നതാണു ജയ്ഹിന്ദ് വാർത്തയുടെ ന്യൂസ് പോർട്ടൽ. ലോകത്തിന്റെ ഏതുകോണിലുള്ള മലയാളി വായനക്കാരനും അറിയേണ്ടതെല്ലാം ഒറ്റ ക്ലിക്കിൽ ലഭ്യമാക്കുന്നു. പ്രവാസിമലയാളികൾക്കായി പ്രത്യേക വിഭാഗവും ന്യൂസ്പോർട്ടലിൽ സജ്ജീകരിച്ചിട്ടുണ്ട്. പ്രവാസി വാർത്തകളടക്കം വിവിധ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന പോർട്ടലിന്റെ പ്രവർത്തനങ്ങൾക്കായി എഡിറ്റോറിയൽ ടീം പ്രവർത്തനം ആരംഭിച്ചു. അമേരിക്കയിലേയും കാനഡയിലേയും എല്ലാ സംസ്ഥാനങ്ങളിലും മറ്റു രാജ്യങ്ങളിലും ജയ്ഹിന്ദ്വാർത്താ ഡോട്ട്കോമിനു റിപ്പോർട്ടർമാരുണ്ട്. ന്യൂയോർക്കിലാണു ന്യൂസ് പോർട്ടലിന്റെ സെൻട്രൽ ഡെസ്ക് പ്രവർത്തിക്കുക. പ്രവാസി വാർത്തകൾക്കു പ്രത്യേക പരിഗണന കൊടുക്കുന്ന ജയ്ഹിന്ദ് വാർത്ത ഡോട്ട് കോമിൽ അമേരിക്കയ്ക്കും കാനഡയ്ക്കും പ്രത്യേകമായി മിനി സൈറ്റും ഒരുക്കിയിട്ടുണ്ട്. അമേരിക്ക ഉൾപ്പെടെയുള്ള രാജ്യങ്ങളുടെ വാർത്തകൾ റിപ്പോർട്ട് ചെയ്യുന്നതിനു നിരവധി വെബ്സൈറ്റുകളുണ്ടെങ്കിലും ഒന്നര ലക്ഷത്തോളം മലയാളികളുള്ള കാനഡയ്ക്കുവേണ്ടി പ്രത്യേകവിഭാഗം ആദ്യമായി ഒരുക്കുന്നതു ജയ്ഹിന്ദ്വാർത്താ ഡോട്ട് കോമിലാണ് എന്ന പ്രത്യേകതയുമുണ്ട്.

**വാർത്തകൾക്ക്...**
Tel: 267-991-211 e-mail
:georgethazhakara@gmail.com

## നിര്യാതരായി

### ഇ.സി.ജോസ്



*ഫിലാഡൽഫിയ:* റിട്ടയേർഡ് പ്രധാന അധ്യാപകനും, ജീവകാരുണ്യ പ്രവർത്തകനും മികച്ച സംഘാടകനുമായിരുന്ന ഈരനുള്ളിൽ ഇ. സി. ജോസ് (ജോസ് മാഷ് -68) അമേരിക്കയിലെ ഫിലഡൽഫിയയിൽ നിര്യാതനായി. അരനൂറ്റാണ്ടു മുമ്പ് എറണാകുളം ജില്ലയിൽ പ്രോഗ്രസീവ് യൂത്ത് മൂവ്മെന്റ് എന്ന സംഘടനയിൽക്കൂടി പൊതുരംഗത്തേയ്ക്ക് കടന്നുവന്ന ജോസ് മാഷ് അധ്യാപനവൃത്തിക്കു പുറമേ ചേന്ദമംഗലം പഞ്ചായത്ത് അംഗം, കേരള ലത്തീൻ കത്തോലിക്ക യൂണിയൻ സംസ്ഥാന നേതാവ്, കോട്ടപ്പുറം രൂപതാ പാസ്റ്ററൽ കൗൺസിൽ അംഗം, കേരള കോൺഗ്രസ് -എം സംസ്ഥാന കമ്മിറ്റി അംഗം, ക്രിസ്ത്യൻ സർവീസ് സൊസൈറ്റി ചേന്ദമംഗലം ഏരിയ പ്രസിഡന്റ്, അധ്യാപക സംഘടനാ നേതാവ് തുടങ്ങിയ വ്യത്യസ്തമായ മേഖലകളിലും പ്രവർത്തിച്ചിരുന്നു.

ഫിലാഡൽഫിയയിലെ സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ ജീവകാരുണ്യ പ്രവർത്തനങ്ങളിലും ന്യൂഹോപ് അഡൾട്ട് ഡേ കെയർ സെന്ററിന്റെ വയോജനക്ഷേമ പ്രവർത്തനങ്ങളിലും സജീവ പങ്കാളി ആയിരുന്നു.

ചേന്ദമംഗലം തൈപ്പറമ്പിൽ കുടുംബാംഗം റിട്ട. ഹെഡ്മിസ്ട്രസ് ലില്ലി ജോസഫ് ആണ് ഭാര്യ. മക്കൾ : എൽജോ ജോസ് (ഫിലാഡൽഫിയ), ഡെറിക്ക് ജോസ് (ഫിലാഡൽഫിയ). മരുമക്കൾ: ജോമി എൽജൊ, രേഖ ഡെറിക്ക്. പേരക്കുട്ടികൾ: ജോയേൽ, ജോവീന, ഡെവീന, അദീന.

ഫിലാഡൽഫിയ സെന്റ് തോമസ് സീറോ മലബാർ ദേവാലയത്തിൽ (608 Welsh Road,Philadelphia, PA 19115) ഏപ്രിൽ 29നു ബുധനാഴ്ച രാവിലെ ഒമ്പതിനു പൊതുദർശനത്തെത്തുടർന്ന് വിശുദ്ധ കുർബാനയോടുകൂടി സംസ്കാരശുശ്രൂഷകൾ ആരംഭിക്കുകയും തുടർന്നു റിസരക്ഷൻ സെമിത്തേരിയിൽ (5201 Hulmeville Rd, Bensalem PA 19020) സംസ്കാരം നടത്തുകയും ചെയ്തു.

### ജോർജ് ജോൺ



*ന്യൂയോർക്ക്:* ജോർജ് ജോൺ (81) ഏപ്രിൽ 26-നു യോങ്കേഴ്സിൽ നിര്യാതനായി. മാവേലിക്കര വെട്ടത്തുപറമ്പിൽ കുടുംബാംഗമാണു പരേതൻ. 1987ൽ അമേരിക്കയിലേക്കു കുടിയേറി. യോങ്കേഴ്സ് സെന്റ് തോമസ് ഓർത്തഡോക്സ് പള്ളിയിലെ അംഗമാണ്.

ഭാര്യ: സാറാമ്മ ജോർജ്. മക്കൾ: ലാലു, ലാലി, ഷാജി. മരുമക്കൾ: ബീന, ജേക്കബ്, സുമ. കൊച്ചുമക്കൾ: ലിജു, ജൂലി, ജുബിൽ, പ്രിൻസ്, ക്രിസ്റ്റീന, ജോവൽ, ക്രിസ്റ്റൻ.

പൊതുദർശനം: ഏപ്രിൽ 29-നു വൈകുന്നേരം നാലു മുതൽ രാത്രി ഒമ്പതു വരെ (F Ruggiero & Sons Funeral Home, 732 Yonkers Ave., Yonkers, NY 10704).

ഏപ്രിൽ 30നു രാവിലെ ഒമ്പതിനു സെന്റ് തോമസ് ഓർത്തഡോക്സ് ചർച്ചിൽ (St.Thomas OrthodoxChurch, 4 Riverview Place, Yonkers, NY 10701) സംസ്കാര ശുശ്രൂഷകളെ തുടർന്ന് മൗണ്ട് ഹോപ് സെമിത്തേരിയിൽ (Mount Hope Cemetery, 50 Jackson Ave., Hastingson Hudson, NY 10706) സംസ്കരിക്കുന്നതുമാണ്.

കൂടുതൽ വിവരങ്ങൾക്ക്: തോമസ് മാത്യു 914 419 7020, ജോൺ ഐസക്ക് (914 720 5030), ഷാജി ജോർജ് (914 310 5337).

വാർത്ത നൽകിയത് മൊയ്തീൻ പുത്തൻചിറ

### പി.വി. ശേഖര വാര്യർ



*പാലക്കാട്:* മുൻ ഇന്ത്യൻ അക്കൗണ്ടിങ്ങ് ആൻഡ് അഡ്മിനിസ്ട്രേറ്റീവ് സർവീസസ് ഡെപ്യൂട്ടി ഡയറക്ടറും, സെൻട്രൽ റെയിൽവേയിൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ഓഡിറ്റ് എന്നീ നിലകളിൽ സ്തുത്യർഹ സേവനം അനുഷ്ഠിച്ചിട്ടുള്ള പൊയ്ലത്ത് പി.വി. ശേഖര വാര്യർ (85), പാലക്കാട് ജില്ലയിലെ കൂറ്റനാട്, വാവന്നൂരിൽ 2015 ഏപ്രിൽ 21നു നിര്യാതനായി. സംസ്കാരം നടത്തി.

പരേതയായ ശൂലംകണ്ടത്ത് പങ്കജം വാര്യർ ആണു ഭാര്യ. മക്കൾ ഡോ: പ്രസാദ് എസ്. വാര്യർ (ബിഎആർസി), പ്രസന്ന മോഹൻ (ഡിട്രോയ്റ്റ്, യുഎസ്എ). ഡിട്രോയ്റ്റിലെ സാമൂഹ്യ പ്രവർത്തകനായ മോഹൻ പങ്കാവിലും, ഗീതാ വാര്യരും ജാമാതാക്കളാണ്. കൊച്ചുമക്കൾ സൗരഭ്, അനുപമ, അർച്ചന, ഐശ്വര്യ എന്നിവരാണ്.

## സി-ക്യൂബ് മത്സരം അരങ്ങേറി



*ഷിക്കാഗോ:* കോസ്മോപോളിറ്റൻ ക്ലബിന്റെ (സി-ക്യൂബ്) നേതൃത്വത്തിൽ അരങ്ങേറിയ ആദ്യ ചീട്ടുകളി മത്സരത്തിന് ആവേശകരമായ അന്ത്യം. ലേലം (28), റമ്മി വിഭാഗങ്ങളിലാണു മത്സരങ്ങൾ അരങ്ങേറിയത്.

അലക്സാണ്ടർ കൊച്ചുപുര, സാജു കണ്ണമ്പള്ളി, ബിജോയി കാപ്പൻ എന്നിവർ അടങ്ങിയ ടീമിനെയാണ്, ജോൺ വർക്കി, ബിജു മാണി, സാജു ജോർജ് എന്നിവരുടെ യുവനിര അട്ടിമറിച്ചത്.

ആവേശകരമായ റമ്മി വിഭാഗം മത്സരത്തിൽ രാജ്ജു ഗോപിനാഥൻ ജേതാവായി. അലക്സ് പടിഞ്ഞാറയിലാണു റണ്ണേഴ്സ് അപ്.

ലേലം ജേതാക്കൾക്കു റാത്തപ്പിള്ളിൽ ഫാമിലി സ്പോൺസർ ചെയ്യുന്ന എവർ റോളിംഗ് ട്രോഫിയും, 1001 ഡോളർ ക്യാഷ് അവാർഡും റാത്തപ്പിള്ളിൽ ഫാമിലിക്കു വേണ്ടി സജി റാത്തപ്പിള്ളിൽ, സണ്ണി റാത്തപ്പിള്ളിൽ, അലോഷി റാത്തപ്പിള്ളിൽ എന്നിവർ ചേർന്നു സമ്മാനിച്ചു. റണ്ണേഴ്സ് അപ്പിനുള്ള ട്രോഫിയും, മുല്ലപ്പിള്ളി ലോ ഗ്രൂപ്പ് സ്പോൺസർ ചെയ്യുന്ന 501 ഡോളർ കാഷ് അവാർഡും ബിറ്റോ പഴയംപുള്ളിൽ സമ്മാനിച്ചു.

റമ്മി ജേതാവിനുള്ള ട്രോഫിയും 1001 ഡോളർ ക്യാഷ് അവാർഡും സി-ക്യൂബ് പ്രസിഡന്റ് ബോജോയി കാപ്പനും, റണ്ണേഴ്സ് അപ്പിനുള്ള ട്രോഫിയും സർട്ടിഫൈഡ് അക്കൗണ്ടിംഗ് ഇൻക് സ്പോൺസർ ചെയ്യുന്ന 501 ഡോളർ ക്യാഷ് അവാർഡും ഷിക്കാഗോ സോഷ്യൽ ക്ലബ് എക്സിക്യൂട്ടീവ് മെമ്പർ മാത്യു തട്ടാരത്തും സമ്മാനിച്ചു.

ജെയിംസ് പഴയാറ്റിലിന്റെ (ബോബി) നേതൃത്വത്തിൽ നടന്ന ടൂർണമെന്റ് സംഘാടനത്തിൽ മികച്ചുനിന്നു. രജിസ്ട്രേഷൻ, ടീം കോ-ഓർഡിനേഷൻ എന്നിവയുടെ ചുമതല വഹിച്ച സന്തോഷ് കുര്യൻ, ജഡ്ജിംഗ് പാനലിലുണ്ടായിരുന്ന ബിൻസ് വെളിയത്തുമാലിൽ, ബെന്നി ജോർജ്, സൈമൺ ചക്കാലപ്പടവിൽ എന്നിവരുടെ പ്രവർത്തനങ്ങൾ ഏവരുടെയും ശ്രദ്ധ പിടിച്ചുപറ്റി.

എലൈറ്റ് കേറ്ററിംഗ്, ജോബ് ജോസഫ് (ഫാർമേഴ്സ് ഇൻഷ്വറൻസ്), ജയിൻ മാക്കീൽ (സീയേഴ്സ് അപ്ലൈൻസസ് ഔട്ട്ലെറ്റ്), നെല്ലാ കൺസൾട്ടിംഗ്.

## ന്യൂകാസിൽ മലയാളിയും കുടുംബവും തലനാരിഴയ്ക്ക് രക്ഷപ്പെട്ടു



**ഷൈമോൻ തോട്ടുങ്കൽ**

*ന്യൂകാസിൽ:* നേപ്പാളിൽ അയ്യായിരത്തോളം പേർ മരിച്ച ഭൂകമ്പത്തിൽ ന്യൂകാസിൽ മലയാളിയും കുടുംബവും തലനാരിഴയ്ക്ക് രക്ഷപ്പെട്ടു.

ഷൈർമൂറിൽ താമസിക്കുന്ന മലയാളിയായ ഷീബയും കുടുംബവുമാണ് ഭൂകമ്പ മേഖലയിൽ കുടുങ്ങിയത്. ഷീബയുടെ ഭർത്താവ് പ്രസന്ന ധ്വജി നേപ്പാൾ സ്വദേശിയാണ്.

ഭൂകമ്പം ഉണ്ടായതിന് പിന്നാലെ ഇവർ വീടിന് പുറത്തേയ്ക്ക് ഓടി രക്ഷപെടുകയായിരുന്നു. കാഠ്മണ്ഡുവിലെ താത്കാലിക ടെന്റിലാണ് ഇവർ ഇപ്പോൾ കഴിയുന്നത്. കഴിഞ്ഞ ഏപ്രിൽ 16-നാണ് പ്രസന്നയും ഷീബയും ഏകമകൾ ടിയയും ഡൽഹി വഴി കാഠ്മണ്ഡുവിൽ എത്തിയത്.

ഏഴു വർഷമായി ന്യൂകാസിലിലുള്ള ഷീബ തിരുവനന്തപുരം സ്വദേശിയാണ്. മുൻപ് കിംഗ്സ്റ്റൺ പാർക്കിലാണ് കുടുംബം താമസിച്ചിരുന്നത്. 16-നു ന്യൂകാസിലിൽ മലയാളി ബിസിനസുകാരനും ട്രാവൽ ഏജന്റുമായ ബിനു കിഴക്കയിൽ മുഖേനയാണ് ഇവർ അവധി ആഘോഷിക്കാൻ നേപ്പാളിലേക്ക് പോയത്. ഷീബയും ഭർത്താവും ഐടി മേഖലയിലാണ് ജോലി ചെയ്യുന്നത്. ഷീബയുടെ സഹോദരിയും ഭർത്താവും യുകെയിലുണ്ട്.

ഭൂകമ്പത്തിൽ മൂവർക്കും ചെറിയ തോതിൽ പരിക്കേറ്റിട്ടുണ്ട്. ഇവർ താമസിച്ചിരുന്ന വീട് ഭാഗികമായി തകർന്നു. ടെന്റിൽ കഴിയുന്ന തങ്ങൾക്ക് സർക്കാർ സഹായങ്ങൾ നല്കുന്നുണ്ടെന്ന് ഇവർ പറഞ്ഞു. പ്രസന്നയുടെ കുടുംബം കാഠ്മണ്ഡുവിലുണ്ട്.

## ഡാൻസിംഗ് ഡാംസൽസ് മാതൃദിന ഫോട്ടോഗ്രഫി മത്സരം മേയ് 10ന്

**ജയ്സൺ മാത്യു**

*ടൊറന്റോ:* സ്ത്രീ ശാക്തീകരണത്തോടൊപ്പം കലാ-സാംസ്കാരിക വളർച്ചയും പ്രോത്സാഹനവും ലക്ഷ്യമിട്ടു പ്രവർത്തിക്കുന്ന ഡാൻസിംഗ് ഡാംസൽസ് മാതൃദിനാഘോഷത്തോടനുബന്ധിച്ചു ഫോട്ടോഗ്രഫി മത്സരം നടത്തുന്നു.

മേയ് 10നു മിസിസാഗായിലുള്ള പായൽ ബാങ്കറ്റ് ഹാളിൽ വൈകുന്നേരം അഞ്ചിനാണ് ആഘോഷ പരിപാടികൾ.

'അമ്മയും കുഞ്ഞും' എന്നതാണ് ഈ വർഷത്തെ മത്സരത്തിന്റെ പ്രമേയം. ഫോട്ടോകൾ സമർപ്പിക്കേണ്ട അവസാന തീയതി മേയ് ഒന്നാണ്. തുടർന്ന് പൊതുജന അഭിപ്രായ വോട്ടെടുപ്പിലൂടെ വിജയിയെ തെരഞ്ഞെടുക്കും.

വിജയിക്ക് സിത്താര ജൂവൽസ് നൽകുന്ന ആകർഷകമായ സമ്മാനങ്ങൾ ലഭിക്കും. കൂടാതെ മാതൃദിന കേക്ക് മുറിക്കൽ ഉദ്ഘാടനം നടത്താനുള്ള അവസരവും ലഭിക്കും.

എൻട്രികൾ അയക്കേണ്ട വിലാസം: ddmothersday@gmail.com ആണ്.

നിരവധി വിശിഷ്ടാതിഥികൾ പങ്കെടുക്കുന്ന ചടങ്ങിൽ പങ്കെടുക്കുന്ന എല്ലാ അമ്മമാർക്കും സമ്മാനങ്ങളും ലഭിക്കുന്നതോടൊപ്പം കേക്ക് മുറിക്കുന്നതിനുള്ള അവസരവും ഉണ്ടായിരിക്കും. ഡിന്നർ, ഡാൻസ്, സംഗീതം, ഫാഷൻ ഷോ, കോമഡി ഷോ എന്നിവ ഉൾപ്പെടെ വൈവിധ്യമാർന്ന വിനോദ പരിപാടികളാണ് സംഘാടകർ ആസൂത്രണം ചെയ്തിരിക്കുന്നത്. പരിപാടിയുടെ ടിക്കറ്റുകൾ ഓൺലൈനിൽ ലഭ്യമാണ്.

കൂടുതൽ വിവരങ്ങൾക്കും ടിക്കറ്റുകൾക്കും www.ddshows.com മേരി അശോക് 416 788 6412, സ്മാർട്ടി മെറിൻ 647 761 3552, ശോഭാ ശേഖർ 416. 371.9942.

# ആർദ്രമാനസവുമായി എത്തുന്ന ആർദ്ര മാനസി

ജോസ് പിന്റോ സ്റ്റീഫൻ

**ഐ**ക്യരാഷ്ട്രസംഘടനയുടെ ഒരു കോൺഫറൻസിൽ പങ്കെടുക്കുമ്പോഴാണ് ഞാൻ ആ യുവതിയെ പരിചയപ്പെട്ടത്.



ഞാൻ ഒരു വടക്കേ ഇന്ത്യക്കാരനാണെന്ന് ആ യുവതിയും, ആ യുവതി ഒരു വടക്കേ ഇന്ത്യാക്കാരിയാണെന്ന് ഞാനും വിചാരിച്ചു. ആ കോൺഫറൻസിൽ പങ്കെടുക്കുന്നവർക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുവാനും സഹായിക്കാനുമായി ഒരു വോളന്റിയറായി സേവനം അനുഷ്ഠിക്കുകയായിരുന്നു ആ യുവതി. സ്നേഹബഹുമാനത്തോടെ ഞങ്ങളെ ഓരോരുത്തരെയും അഭിവാദ്യം ചെയ്യുകയും ഒഴിവുള്ള ഇരിപ്പിടങ്ങളിലേക്ക് ആനയിക്കുകയും ചെയ്തു.

പിന്നീട് ഒരു ഇടവേളയിൽ സംസാരിക്കാൻ അവസരം കിട്ടിയപ്പോഴാണ് ഞങ്ങൾ ഇരുവരും മലയാളികളാണെന്ന് തിരിച്ചറിഞ്ഞത്. അത് ഞങ്ങൾക്കിരുവർക്കും അത്ഭുതവും അഭിമാനവും പരസ്പര ബഹുമാനവും ഉളവാക്കി. ആ യുവതിയുടെ പേര് കേട്ടപ്പോൾ കൂടുതൽ ആദരവ് എനിക്കുണ്ടായി.

ആർദ്ര മാനസി എന്നാണ് ആ യുവതിയുടെ പേര്. പേരും പെരുമാറ്റവും തമ്മിൽ വലിയ പൊരുത്തം. വളരെ അപൂർവ്വമായി മാത്രം സംഭവിക്കുന്ന പ്രതിഭാസം. കുറച്ചു നേരത്തെ സംഭാഷണത്തിനു ശേഷം ആർദ്രാ മാനസിയെക്കുറിച്ച് ഒരു ലേഖനം എഴുതാൻ എനിക്ക് ആഗ്രഹം ഉണ്ടെന്നറിയിച്ചപ്പോൾ ലഭിച്ച മറുപടി എന്നെ കൂടുതൽ അത്ഭുതപ്പെടുത്തി.

'എന്നെക്കുറിച്ച് ഒരു ലേഖനം എഴുതാൻ മാത്രം മഹത്വമുള്ളതായി ഒന്നും തന്നെ ഞാൻ ഇതുവരെ ചെയ്തിട്ടില്ല. എന്നാൽ ഭാവിയിൽ വലിയ നന്മകൾ ചെയ്യാൻ ഞാൻ ആഗ്രഹിക്കുന്നു. അതിനുള്ള ശ്രമം ആരംഭിച്ചു കഴിഞ്ഞു.'

ഞാൻ ഒരു സാധാരണ ഫ്രീലാൻസ് ജേണലിസ്റ്റ് മാത്രമാണെന്നും എന്നെ സംബന്ധിച്ച് ആർദ്രാ മാനസി ഇതിനകം ചെയ്ത നന്മകളും നേടിയ നേട്ടങ്ങളും വലുതാണെന്നും അറിയിച്ചപ്പോൾ ഇങ്ങനെ ഒരു ലേഖനം എഴുതാൻ ആർദ്രാ മാനസി എനിക്ക് അനുവാദം നൽകി. അതോടൊപ്പം ഒരു നിബന്ധനയും ഉണ്ടായിരുന്നു.

'ഞാൻ എന്ന വ്യക്തിയെക്കുറിച്ച് അധികം വിവരിക്കാതെ എനിക്ക് ചെയ്യാൻ സാധിച്ച ചെറിയ കാര്യങ്ങളെക്കുറിച്ചും ഇനി ചെയ്യാൻ ശ്രമിക്കുന്ന കാര്യങ്ങളെക്കുറിച്ച് പറയുകയും, ആ പ്രവർത്തനങ്ങളിൽ പങ്കുചേരാനും സഹായ സഹകരണമേകുവാനും മറ്റുള്ളവരെ സ്വാഗതം ചെയ്യുന്ന തരത്തിലൊരു ലേഖനമായിരിക്കണം സാർ എഴുതേണ്ടത്.'

ആ നിബന്ധന പൂർണ്ണമായും ഉൾക്കൊള്ളാൻ ശ്രമിച്ചുകൊണ്ട് ആർദ്രാ മാനസിയുടെ നന്മപ്രവൃത്തികളെയും ഇനി ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങളെക്കുറിച്ചും വിവരിക്കുവാൻ ലഭിക്കുന്ന ഈ അവസരം വളരെ ആദരവോടെ ഞാൻ ഏറ്റെടുക്കുന്നു.

ഇത് ഇന്ത്യയിൽ ജനിച്ചുവളർന്ന, മാസങ്ങൾക്കുമുമ്പു മാത്രം അമേരിക്കയിലെത്തിച്ചേർന്ന ഒരു മലയാളി യുവതിയുടെ വിജയചരിത്രമാണ്. ന്യൂയോർക്കിൽ മിലാനോ സ്കൂൾ ഓഫ് ഇന്റർനാഷണൽ അഫേഴ്സ് മാനേജ്മെന്റ് ആന്റ് അർബൻ പോളിസി എന്ന സ്ഥാപനത്തിൽ ഇന്റർനാഷനൽ അഫേഴ്സിൽ ബിരുദാനന്തരബിരുദ കോഴ്സിൽ പഠിക്കുന്ന ആർദ്രാ മാനസി, ക്ലിന്റൻ ഗ്ലോബൽ ഇനിഷ്യേറ്റീവ് എന്ന സംഘടന അവരുടെ പ്രോഗ്രാമായ 'ക്ലിന്റൻ ഗ്ലോബൽ ഇൻഷ്യേറ്റീവ് യൂണിവേഴ്സി കോൺഫറൻസിൽ പങ്കെടുക്കാൻ തെരഞ്ഞെടുത്ത ആയിരം വിദ്യാർത്ഥികളിൽ ഒരാളാണ്. ഈ വർഷം മയാമിയിൽ നടന്ന സി.ജി.ഐ.യു കോൺഫറൻസിൽ പങ്കെടുക്കാൻ കഴിഞ്ഞത് വലിയ ഒരു ഭാഗ്യമായി ആർദ്ര കരുതുന്നു. ഈ കോൺഫറൻസിൽ പങ്കെടുത്തവരിൽ, രാജ്യാടിസ്ഥാനത്തിൽ നോക്കിയാൽ എൺപതിൽപ്പരം രാജ്യങ്ങളിൽനിന്നുള്ളവരുണ്ടായിരുന്നു. മുൻ അമേരിക്കൻ പ്രസിഡന്റ് ബിൽ ക്ലിന്റൻ, ഹിലരി ക്ലിന്റൻ, ചെൽസിയ ക്ലിന്റൻ എന്നിവരോടൊപ്പം നിരവധി പ്രഗത്ഭവ്യക്തികൾ ഈ പ്രസ്ഥാനത്തെ നയിക്കുന്നു.

ലോകത്തിന്റെ ഏതെങ്കിലും കോണിൽ വിദ്യാഭ്യാസം, പരിസ്ഥിതി, കാലാവസ്ഥാവ്യതിയാനം, സമാധാനം- മനുഷ്യാവകാശങ്ങൾ, ദാരിദ്ര്യനിർമ്മാർജനം, പൊതുജനാരോഗ്യം എന്നീ മേഖകളിലേതെങ്കിലും ക്രിയാത്മാകമായ പുരോഗമന- വികസനപ്രവർത്തനങ്ങൾക്ക് തുടക്കമിടാൻ വിദ്യാർത്ഥികൾക്ക് അവസരം നൽകുകയാണ് സി.ജി.ഐ.യു പ്രോഗ്രാമിന്റെ ലക്ഷ്യം. അതിനായി ഓരോരുത്തരും തയ്യാറാക്കുന്ന പ്രോജക്ടുകൾ സി.ജി.ഐ.യ്ക്ക് അയച്ചുകൊടുക്കണം. ആ ലിസ്റ്റിൽ നിന്നും തെരഞ്ഞെടുക്കുന്നപ്പെടുന്നവർക്കാണ് ഈ കോൺഫറൻസിൽ പങ്കെടുക്കാനുള്ള അവസരം ലഭിക്കുന്നതും അതിന്റെ ഫോളോ അപ്പ് ചെയ്യാൻ സാധിക്കുന്നതും.

അട്ടപ്പാടിയിലെ ആദിവാസി സ്ത്രീകൾക്ക് സ്വയം തൊഴിൽ കണ്ടെത്താൻ അവസരമൊരുക്കിക്കൊണ്ടുള്ള ഒരു പ്രോജക്ടാണ് ആർദ്രാ മാനസി തയ്യാറാക്കി അയച്ചത്. സഹ്യാദ്രി വിമൻസ് എംപവേർഡ് ലൈഫ്സ് ആന്റ് ലൈവ്‌ലിഹുഡ് എന്നാണ് പ്രോജക്ടിന്റെ പേര്. ഒരു ഹാന്റിക്രാഫ്റ്റ് പ്രോസെക്ഷൻ ആന്റ് മാർക്കറ്റിംഗ് യൂണിറ്റാണ് സ്ഥാപിക്കാൻ പോകുന്നത്. തുടക്കത്തിൽ നൂറ്റിയമ്പത് ആദിവാസി സ്ത്രീകളെ പദ്ധതിയിൽ ഉൾപ്പെടുത്തുകയും മുളകൊണ്ടുള്ള വസ്തുക്കൾ തയ്യാറാക്കി അത് മാർക്കറ്റിൽ എത്തിച്ച് അതിൽ നിന്നുള്ള വരുമാനം കൊണ്ട് സ്ത്രീ ശാക്തീകരണവും, സാമൂഹിക വികസനവും എന്ന കാഴ്ചപ്പാടാണ് ആർദ്ര വിഭാവനം ചെയ്യുന്നത്.



മദ്രാസ് ഐ.ഐ.ടിയിലെ പഞ്ചവർഷ ഇന്റഗ്രേറ്റഡ് ബിരുദാനന്തരബിരുദ പഠനത്തിനിടയിൽ മൂന്നുമാസം അട്ടപ്പാടിയിലെ ആദിവാസികൾക്കിടയിൽ ഇന്റേൺഷിപ്പ് ചെയ്യുന്നതിനിടയിലാണ് ആദിവാസി സ്ത്രീകളുമായി അടുത്ത് ഇടപഴകാനും അവരെക്കുറിച്ച് മനസ്സിലാക്കുവാനും ആർദ്രാ മാനസിക്ക് അവസരം ലഭിച്ചത്. അന്നുമുതലെ അവർക്കുവേണ്ടി എന്തെങ്കിലും ചെയ്യണമെന്ന് ആർദ്ര ആഗ്രഹിച്ചിരുന്നു. ഇന്നിപ്പോൾ അതിനവസരം ലഭിക്കുന്നതിൽ ഏറെ സന്തുഷ്ടയാണ് ആർദ്രാ മാനസി.



തെരഞ്ഞെടുക്കപ്പെട്ട ആയിരം വിദ്യാർത്ഥികളിൽ അൻഡർ ഗ്രാജുവേറ്റ് കോഴ്സ് ചെയ്യുന്നവരിൽ ഭൂരിഭാഗത്തിനും സി.ജി.ഐ തന്നെ കുറെ ഫണ്ട് നല്കും. മാസ്റ്റർ ബിരുദം ചെയ്യുന്നവർ സ്വയം ഫണ്ടു ശേഖരണം നടത്തിവേണം അവരുടെ പ്രോജക്ടുകൾ ആരംഭിക്കേണ്ടത്. മറ്റുള്ളവരുടെ പങ്കാളത്തോടുകൂടിയുള്ള ഒരു ജനകീയപ്രസ്ഥാനമാക്കി മാറ്റാണ് ആർദ്രാ മാനസി ആഗ്രഹിക്കുന്നത്. അതിനായി മറ്റുള്ളവരുടെ സഹായസഹകരണങ്ങളും നിർദ്ദേശങ്ങളും സ്വാഗതം ചെയ്യുന്നു. വ്യക്തിപരമായും സംഘടനകൾ വഴിയായും ഈ മുന്നേറ്റത്തിൽ അണിചേരാം. വൈകാതെ ഈ പ്രസ്ഥാനത്തിന്റെ വെബ് സൈറ്റ് നിലവിൽ വരും.

കൂടുതൽ വിവരങ്ങൾക്ക്: ardramanasi11@gmail.com, arda.manasi@gmail.com

ആലപ്പുഴജില്ലയിൽ മാവേലിക്കരയിലാണ് ജനനം. പ്രശസ്ത സിനിമാ നിരൂപകനും അന്താരാഷ്ട്ര ഫിലിം ഫെസ്റ്റിവൽ ജൂറി അംഗവുമായ പ്രൊഫ.ഡോ.മധു ഇറവങ്കരയുടെയും അദ്ധ്യാപികയായ ഉഷയുടെയും മകളാണ്. ഇംഗ്ലീഷിലും മലയാളത്തിലുമായി രണ്ടു കവിതാ സമാഹാരങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പിതാവിനോടൊപ്പം ഡോക്യുമെന്ററിയുടെ പ്രവർത്തനങ്ങളിൽ പങ്കാളിത്തം വഹിക്കുകയും വേഷമിടുകയും ചെയ്തിട്ടുണ്ട്. സഹോദരൻ അനന്തു മാധവ് സഹോദരിയുടെ പാത പിൻതുടർന്ന് മദ്രാസ് ഐ.ഐ.ടിയിൽ ഇതേ കോഴ്സിന് പഠിക്കുന്നു.

# സിനിമയും നവമാധ്യമങ്ങളും

എൻ. മുരാരിശംഭു




**ഗുട്ടൻ**ബർഗും മാർക്കോണിയും ബേർഡും സമന്വയിക്കുന്ന ഇന്റർനെറ്റ് നമ്മുടെ നവ മാധ്യമങ്ങളുടെ ആണിക്കല്ലായി പ്രവർത്തിക്കുന്നു. വർത്തമാനപ്പത്രങ്ങളിൽ നിന്നു തുടങ്ങി ഇന്നുവരെ എത്തിനിൽക്കുന്ന മാധ്യമങ്ങൾ വരെ അതാതുകാലത്തിന്റെ സമൂഹത്തെയും സംസ്കാരത്തിന്റെയും ഗതി വിഗതികളെ സ്വാധീനിച്ചിട്ടുണ്ട് എന്നത് നിസ്തർക്കമായ വസ്തുതയാണ്. വംശീയവും സാമൂഹികവുമായ നിരവധി കാരണങ്ങളാൽ ഉച്ചനീചത്വങ്ങൾ അനുഭവിച്ച ഒരു കാലഘട്ടത്തിൽ നിന്ന് നമ്മെ ഇന്നത്തെ ഏറ്റവും വലിയ ജനാധിപത്യ രാഷ്ട്രമെന്ന നിലയിലേക്കെത്തിക്കുന്നതിൽ മാധ്യമങ്ങൾ വഹിച്ച പങ്ക് വളരെ വലുതാണ്. അവ ഇന്നും ആ ധർമ്മം തുടർന്നുകൊണ്ടിരിക്കുന്നു. ആഗോളീകരണകാലത്തെ മലയാളിക്കും മലയാളത്തിനും ഈ പുതിയ മാധ്യമസംസ്കാരത്തിന്റെ പരിസരത്തെ അഭിമുഖീകരിക്കാതെ കടന്നുപോകാൻ സാധ്യമല്ലതന്നെ.

വെബ്സൈറ്റുകൾ, ബ്ലോഗുകൾ, മൊബൈൽ നെറ്റ് വർക്ക്, സോഷ്യൽ നെറ്റുവർക്കുകൾ, വീഡിയോ ഷെയറിംഗ് സൈറ്റുകൾ, സിഡി, ഡിവിഡി, ഓൺലൈൻ വിജ്ഞാനകോശങ്ങൾ തുടങ്ങിയ ആശയ-വിനിമയ-വിതരണ രംഗത്തെ വ്യവഹാരശൃംഗലയാണ് പൊതുവെ നവമാധ്യമരംഗമായി അറിയപ്പെടുന്നത്.

കഴിഞ്ഞ നൂറ്റാണ്ടിലെ ഏറ്റവും ശക്തിയേറിയ ബഹുജന മാധ്യമമായിരുന്നു സിനിമ. സാഹിത്യ-നാടക-സംഗീതാദികലകളുമായി ബന്ധപ്പെട്ട് വളർച്ചപ്രാപിച്ച ദൃശ്യപ്രധാനമായ ഈ കലാരൂപം വിനോദം പ്രദാനം ചെയ്യുന്ന ഒരു മാധ്യമമായിട്ടാണ് പുതിയകാലത്ത് ഏറെയും കണക്കാക്കപ്പെടുന്നത്. വെളിച്ചത്ത് ചിത്രീകരിച്ച് ഇരുട്ടത്ത് പ്രദർശിപ്പിക്കുന്ന ഈ കലാരൂപം വികസിപ്പിച്ചെടുത്തത് ലൂമിയർ സഹോദരന്മാരായിരുന്നു.

ചരിത്രത്തിന്റെ അനിവാര്യതയെന്നോണം ഈ 'മഹത്തായ കല' (ലെനിൻ) നമ്മുടെ നാട്ടിലും അവതരിക്കപ്പെട്ടു. നിശബ്ദതയിൽ നിന്ന് ശബ്ദതയിലേക്കും ബ്ലാക്ക് & വൈറ്റിൽ നിന്ന് ഈസ്റ്റുമാൻ കളറിലേക്കും പിന്നെപ്പിന്നെ സിനിമാസ്കോപ്പ്, 3ഡി തുടങ്ങിയ വേഷപ്പകർച്ചകൾക്കൊടുവിൽ ന്യൂജനറേഷൻ ടെക്നിക്കുകളിൽ വരെ എത്തിനിൽക്കുന്നു നമ്മുടെ സിനിമ.

മലയാളിയുടെ സ്വത്വപരിണാമത്തിനും സാമൂഹിക ഇടപെടലുകളിലും വലിയ സ്വാധീനം സൃഷ്ടിച്ച ഈ കലാരൂപം നാടകത്തിന്റെ തുടർച്ചയെന്നോണമാണ് ഇവിടെ അവതരിക്കപ്പെട്ടത്. ജാതി മത ചിന്തകൾ വേരോടിയിരുന്ന ഒരു സമൂഹത്തിൽ ഉണ്ടായ തീയേറ്റർ സങ്കല്പം ആഭിജാതവർഗ്ഗത്തെ തെല്ലൊന്നുമല്ല പരിഭ്രമത്തിലാഴ്ത്തിയത്. വിഭാഗീയ ചിന്തകൾക്ക് അതീതമായ കൊച്ചു സമൂഹങ്ങൾ തിയേറ്ററുകളിൽ നിന്ന് രൂപപ്പെടുമെന്ന് അവർ ഭയന്നിരിക്കണം. അതുകൊണ്ടുതന്നെ ചരിത്രത്തിൽ, വർണ്ണവെറിയുടെ കറുത്ത പാടുകൾ തീർത്ത സംഭവങ്ങൾ നമ്മുടെ സിനിമ ചരിത്രവുമായി ബന്ധപ്പെട്ടുകിടപ്പുണ്ട്. തീയേറ്ററുകൾ അടച്ചു പൂട്ടിക്കാനും നശിപ്പിക്കാനും ഉള്ള ശ്രമങ്ങളും 'വിഗതകുമാരൻ' സിനിമയും ഒക്കെ ചില അറിയപ്പെടുന്ന ദൃഷ്ടാന്തങ്ങൾ മാത്രം. തീയേറ്ററിൽ പോയി സിനിമ കാണുന്നതുതന്നെ അധമസഞ്ചാരത്തിന്റെ ഭാഗമാണെന്ന് നമ്മെ നോക്കി ആക്രോശിച്ച ഒരു കാലമുണ്ടായിരുന്നല്ലോ.

സാഹിത്യം, സംഗീതം, ചിത്രമെഴുത്ത്, ശിൽപ്പകല, നൃത്തം, നാടകം എന്നിങ്ങനെ വിവിധ കലകളുടെ സ്വാധീനവും സംയോജനവും സിനിമയിലുണ്ടെന്ന് പറഞ്ഞല്ലോ. സമൂഹത്തിന് നൽകാനുള്ള സന്ദേശത്തെ വ്യക്തമായി പ്രതിഫലിപ്പിക്കാൻ കഴിയുന്ന മാധ്യമമാണ് സിനിമ. ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളുടെ ജനാധിപത്യവത്ക്കരണം നമ്മുടെ സിനിമയുടെ വളർച്ചയ്ക്കും ഏറെ സഹായകമായി. പിന്നീട് സിനിമ ജീവിതത്തിന്റെ ഭാഗമാകുകയും ഒരു കലാരൂപമെന്ന നിലയിൽ അതിന്റെ സമ്പൂർണ്ണാധിപത്യം സമൂഹത്തിൽ സ്ഥാപിച്ചെടുക്കുകയും ചെയ്തു.

ചലനമാണ് ചലച്ചിത്രത്തിന്റെ ജീവൻ. വസ്തുക്കളുടെ (objects) ചലനത്തെയും ക്യാമറയുടെ ചലനത്തേയും അർത്ഥവത്തായി ഉപയോഗിച്ച് സർഗ്ഗധനരായ ചലച്ചിത്രകാരന്മാർ വ്യത്യസ്ത ഭാവതലങ്ങൾ സൃഷ്ടിച്ച് സിനിമയെന്ന മാധ്യമത്തിനെ നമ്മുടെ കാഴ്ചയുടെ പുതിയ ശീലങ്ങളായി രൂപപ്പെടുത്തി.

1990 മുതൽ മലയാളിയുടെ ജീവിതം ടെലിവിഷനനുസരിച്ച് ചിട്ടപ്പെടുത്തിത്തുടങ്ങി. തുടക്കത്തിൽ വിദ്യാഭ്യാസ കാർഷിക രംഗങ്ങളുമായി വന്ന വാർത്താധിഷ്ഠിത പരിപാടികളിൽ നിന്ന് ക്രമേണ പ്രേക്ഷകസമൂഹത്തെ തൃപ്തിപ്പെടുത്താനായി കോമഡികൾ, സിനിമാഗാനങ്ങൾ, പരമ്പരകൾ തുടങ്ങിയ വിനോദപ്രദമായ പരിപാടികളിലേക്ക് ടെലിവിഷൻ മുഖം തിരിച്ചതോടെ വായനശാലകൾ പോലുള്ള പൊതു ഇടങ്ങളിൽ നിന്ന് ഒരു ഗാർഹിക ഉപഭോഗവസ്തുവായി ടിവി. സ്ഥാനം പിടിച്ചു. ആദ്യകാലത്ത് നഗരകേന്ദ്രീകൃതമായ ഒരു പ്രേക്ഷക സമൂഹമായിരുന്നെങ്കിൽ പിന്നീട് നാടിന്റെയും നഗരത്തിന്റെയും വിനോദപ്രസരണകേന്ദ്രമായി ടെലിവിഷൻ ഇന്ന് ഓരോ കുടുംബവും വ്യത്യസ്ത അഭിരുചികളുടെ കാഴ്ച്ചക്കാരായുള്ള ഓരോ ചെറിയ പ്രേക്ഷകസമൂഹമാണ്. സ്വകാര്യ ചാനലുകൾ കൂടി എത്തിയതോടെ കുടുംബങ്ങളിൽത്തന്നെ ഏകാംഗ സമൂഹങ്ങളും രൂപപ്പെട്ടു.

നവമാധ്യമങ്ങളുടെ നെടുംതൂണായ ഇന്റർനെറ്റ് ഇവയെയെല്ലാം കീഴടക്കി പുതിയൊരു ദൃശ്യസംസ്കാരത്തിന്റെ ചാലകശക്തിയായി മാറുന്ന കാഴ്ചയാണിന്ന് നാം കാണുന്നത്.

ലക്ഷങ്ങളോ കോടികളോ മുടക്കിയാൽ മാത്രമേ ഒരു സിനിമ എന്ന സങ്കല്പം യാഥാർത്ഥ്യമാകൂ എന്ന നിലയിൽ നിന്ന് കാര്യങ്ങൾ മാറിക്കൊണ്ടിരിക്കുന്നു. സിനിമയുടേതായ പരമ്പരാഗത സങ്കല്പങ്ങളും മാറ്റിമറിക്കപ്പെടുന്നു. പ്രഗത്ഭരായ സംവിധായകനും താരമൂല്യമുള്ള നടീനടന്മാരും മറ്റു സാങ്കേതിക വിദഗ്ദ്ധരും അടങ്ങിയ ഒരു സംഘം തന്നെ സിനിമ ചെയ്താലേ അത് പ്രേക്ഷകരിലേക്കെത്തൂ എന്നതായിരുന്നല്ലോ ഇന്നലെവരെയുണ്ടായിരുന്ന സിനിമയുടെ തത്വം. എന്നാൽ ഇന്നാകട്ടെ നവ മാധ്യമങ്ങൾ സിനിമയെ നിയന്ത്രിക്കുന്ന നിലയിലെത്തിയിരിക്കുന്നു കാര്യങ്ങൾ.

**സോഷ്യൽ മീഡിയയും സിനിമയും**

സിനിമാ നിർമ്മാണത്തിനും പ്രചരണത്തിനും ഫേസ് ബുക്ക്, ടിറ്റർ, യൂട്യൂബ്, ബ്ലിപ് ടിവി. തുടങ്ങിയ സോഷ്യൽ മീഡിയകളിൽ വൻ സാധ്യതകളാണുള്ളത്. സോഷ്യൽ മീഡിയ വഴി സിനിമയുടെ മാർക്കറ്റിംഗും നടക്കുന്നുണ്ടല്ലോ. യൂറോപ്പിൽ സാമ്പത്തിക പ്രതിസന്ധി നേരിട്ടപ്പോൾ സിനിമയെടുക്കുന്നതിന് സോഷ്യൽ മീഡിയയിലൂടെ പണം കണ്ടെത്തിയ വാർത്തകൾ നാം വായിച്ചിരുന്നല്ലോ.

ലോകത്തോട് സംവദിക്കാൻ നമ്മെ സഹായികകുന്ന ഇന്റർനെറ്റിലെ ബഹുമുഖ സംവിധാനമായ വെബ്സൈറ്റുകൾ സിനിമയെന്ന ബിഗ് സ്ക്രീൻ കലാരൂപത്തെ തങ്ങളുടെ ചൊൽപ്പടിയിലാക്കിയിരിക്കുന്നു എന്നുവേണമെങ്കിൽ പറയാം.

നമ്മുടെ സിനിമയുടെ പുതിയ പരിപ്രേക്ഷ്യം രൂപീകരിക്കുന്നതിൽ വീഡിയോ ഷെയറിംഗ് നെറ്റുവർക്കുകൾക്ക് അഗണ്യമായ സ്ഥാനമാണുള്ളത്. ഇന്റർനെറ്റിലേക്ക് വീഡിയോ ചിത്രീകരണങ്ങൾ ചേർക്കാനും മറ്റുള്ളവർക്കായി അത് പ്രദർശിപ്പിക്കുവാനും അവസരം നൽകുന്ന സംവിധാനമാണ് വീഡിയോ ഷെയറിംഗ് വെബ്സൈറ്റുകൾ. 2005ൽ രൂപം കൊണ്ട യൂട്യൂബാണ് ഏറ്റവും ശ്രദ്ധേയമായതും ജനപ്രീതി സമ്പാദിച്ചതും. 'പൊതുജന സമ്പർക്കത്തിനുള്ള ഫലപ്രദമായ പ്ളാറ്റ്ഫോമായി യൂട്യൂബ് മാറിക്കഴിഞ്ഞു. നവകാഴ്ചകളുടെ ഋതുഭേദങ്ങൾ വിരിയിക്കുന്ന ഓൺലൈൻ തീയേറ്ററാണ് യൂട്യൂബ്.

സൃഷ്ടിപരത കൈമുതലാക്കിയവർക്കും ജനപ്രീതി ഇഷ്ടപ്പെടുന്നവർക്കും തങ്ങളുടെ വീഡിയോകൾ ഡൗൺലോഡ് ചെയ്യാൻ കഴിയുന്നതിലൂടെ സന്ദേശങ്ങൾ പുതിയൊരു മാധ്യമത്തിൽക്കൂടി പുറംലോകത്തെത്തിക്കുവാൻ കഴിയുന്നു എന്നതാണിതിന്റെ നേട്ടം.

മൊബൈൽ ഫോൺ അഥവാ ഡിജിറ്റൽ ക്യാമറ ഉപയോഗിച്ചെടുക്കുന്ന ഹ്രസ്വചിത്രീകരണങ്ങളാണ് യൂട്യൂബിൽ ചേർക്കാൻ കഴിയുക. ഇതിന് പ്രത്യേക നിയന്ത്രണങ്ങൾ ഒന്നും തന്നെ സേവനദാതാക്കൾ ഏർപ്പെടുത്തിയിട്ടില്ല. 'Boradcast yourself' എന്നാണ് യൂട്യൂബിന്റെ പരസ്യവാചകം തന്നെ. ബ്ലോഗുകൾ നമ്മെ എഴുത്തുകാരനും പ്രസാധകനുമാക്കുന്നുവെങ്കിൽ യൂട്യൂബ് ക്യാമറാമാനും സംവിധായകനും ഒപ്പം സംപ്രേക്ഷകനുമാക്കുന്നു.



ഏതാണ്ട് 400 കോടി വീഡിയോകൾ യൂട്യൂബിലൂടെ ദിനംപ്രതി പ്രേക്ഷകർ കണ്ടുകൊണ്ടിരിക്കുന്നുവെന്ന് റോയിട്ടേഴ്സ് ഈയടുത്ത കാലത്ത് റിപ്പോർട്ട് ചെയ്യുകയുണ്ടായി. പഴ്സണൽ കമ്പ്യൂട്ടറിൽ നിന്ന് സ്മാർട്ട് ഫോണിലേക്കും ഇന്റർനെറ്റ് സംവിധാനമുള്ള ടിവികളിലേക്കും കുടിയേറിയതും കൂടുതൽ വ്യക്തിപരമാക്കത്തക്കവിധം സോഷ്യൽ മീഡിയയോട് അടുത്തുനിൽക്കുന്നതുമാണ് ഇതിന് കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്.

ഉയർന്ന വേഗത്തിലുള്ള ഇന്റർനെറ്റ് സംവിധാനം (Broadband) നിലവിൽ വന്നതോടെയാണ് യൂട്യൂബിന്റെ സാധ്യതകൾ വർദ്ധിച്ചത്. ആദ്യകാലത്ത് 10 മിനിട്ടു മാത്രം ദൈർഘ്യമുള്ള വീഡിയോകൾ മാത്രമേ യൂട്യൂബിൽ ചേർക്കാൻ കഴിയുമായിരുന്നുള്ളുവെങ്കിൽ ഇപ്പോൾ മണിക്കൂറുകൾ നീണ്ടുനിൽക്കുന്ന വീഡിയോകൾ അപ്ലോഡു ചെയ്യാനും കാണാനും സാധിക്കുന്നു. ഓൺലൈൻ എഡിറ്റിംഗും സാധ്യമാക്കിയിട്ടുണ്ട്. ഇതാണ് 'യൂട്യൂബ്' കാഴ്ചയുടെ പുതിയൊരു സംസ്കാരത്തിന് കാരണമായി എന്ന് പറയുന്നത്. ഡിവിഡിയെയും, ഒരു പരിധിവരെയെങ്കിലും ടെലിവിഷൻ കാഴ്ചകളെയും പാർശ്വവൽക്കരിച്ചുകൊണ്ട് എപ്പോൾ എവിടെവെച്ച് വേണമെങ്കിലും ദൃശ്യമൊരുക്കുന്ന ഓൺലൈൻതീയേറ്ററായി യൂട്യൂബ് മാറി.

വെറും വീഡിയോഷെയറിംഗ് വെബ് സൈറ്റ് എന്നതിലുപരി ഒരു ഇന്റർനെറ്റ് ചാനൽ എന്ന നിലയിലേക്ക് മാറിക്കഴിഞ്ഞു യൂട്യൂബ്. സിനിമാകാഴ്ച്ചയുടെ സാധ്യതകൾ യൂട്യൂബ് വിപുലമാക്കിയപ്പോൾ സിനിമയുടെ വാണിജ്യസ്വഭാവം യൂട്യൂബിന്റെ ജനപ്രീതിയെ ചൂഷണം ചെയ്യാനാരംഭിച്ചു. ഇന്ന് റിലീസിനു മുമ്പ് ചിത്രങ്ങളുടെ ക്ലിപ്പിംഗുകൾ, ഗാനചിത്രീകരണ രംഗങ്ങൾ തുടങ്ങിയവ യൂട്യൂബിലേക്ക് അപ് ലോഡ് ചെയ്ത് വലിയ പ്രേക്ഷകസമൂഹത്തെ തീയേറ്ററുകളിലേക്ക് ആകർഷിക്കാനും അതുവഴി മുടക്കുമുതൽ ഭദ്രമാക്കാനും സിനിമാപ്രവർത്തകർ തുനിഞ്ഞിരിക്കുന്നു.

മ്യൂസിക് ആൽബങ്ങൾ, ടിവി പരിപാടികൾ, പരസ്യങ്ങൾ, ടെലി ഫിലിമുകൾ തുടങ്ങി ദൃശ്യങ്ങളുടെ ലക്ഷക്കണക്കിന് നുറുങ്ങുകളാണ് ഇതുവഴി പ്രേക്ഷകരിലേക്കെത്തുന്നത്.

ഹ്രസ്വചിത്രങ്ങളുടെ എണ്ണിയാലൊടുങ്ങാത്ത ശേഖരമാണ് യൂട്യൂബിലൂടെ പ്രേക്ഷകസമൂഹത്തിലെത്തുന്നത്. ജീവിതവുമയി ബന്ധപ്പെട്ട മഹത്തായ ആശയങ്ങൾ ആവിഷ്ക്കരിക്കുന്ന അനേകം ഹ്യസ്വചിത്രങ്ങൾ യൂട്യൂബ് വെബ്സൈറ്റിൽ ഹിറ്റായി മാറിയിരിക്കുന്നു. കോൺസ്റ്റാന്റിൽ പ്ലാവിയോസ് എന്ന ഗ്രീക്കിലെ ചലച്ചിത്രകാരൻ

# വൈരുദ്ധ്യങ്ങളിലെ ഏകത്വം

ഡോ.സിറിയക് തോമസ്



അഴീക്കോടിന്റെ അസാന്നിദ്ധ്യം ഏറെക്കുറെ അനുഭവവേദ്യമാകുന്ന ഒരു കാലസന്ധ്യയിലൂടെയാണ് കേരളം ഇപ്പോൾ കടന്നുപോകുന്നത്. ഏതു മുന്നണി അധികാരത്തിലിരുന്നപ്പോഴും മുന്നണികളുടെ രാഷ്ട്രീയമുഖം നോക്കാതെ അഴിമതിക്കും അധികാര ദുർവിനിയോഗങ്ങൾക്കുമെതിരെ എന്നും ഉയർന്നുകേട്ടിരുന്ന ശക്തമായ ഒരു ശബ്ദമായിരുന്നു ഡോ. സുകുമാർ അഴീക്കോടിന്റേത്. വാക്കുകൾകൊണ്ട് വിവാദങ്ങൾ ഉയർത്തുവാൻ അഴീക്കോടിന് നിമിഷനേരം മതിയാകുമായിരുന്നു. പിന്നെ കുറേ ദിവസങ്ങളോളം പത്രത്താളുകളിൽ അഴീക്കോട് ഉയർത്തിയ വിവാദത്തെക്കുറിച്ചുള്ള വാദപ്രതിവാദങ്ങളും പ്രസ്താവനകളുമായി ജനശ്രദ്ധ അങ്ങോട്ടുതിരിയും. അഴീക്കോടിന്റെ ഒരു ഭാഗ്യമായിരുന്നു അതെന്ന് പറഞ്ഞവരുണ്ട്. അഴീക്കോട് വിവാദങ്ങൾ അന്വേഷിച്ച് പോകുന്നുവെന്ന് വിമർശിച്ചവരുമുണ്ട്. അത്തരം തർക്കവിതർക്കങ്ങൾക്കിടയിലും അഴീക്കോട് അക്ഷോഭ്യനായി നിന്ന് പറയുവാനുള്ളത് തനിക്കറിയാവുന്നത്ര ശക്തമായ ഭാഷയിലും ശൈലിയിലും പറയുവാൻ മടിച്ചതുമില്ല.

എല്ലാ അർത്ഥത്തിലും വ്യത്യസ്തനായിരുന്നു അഴീക്കോട്. വടക്കേ മലബാറിൽ അഴീക്കോട് എന്ന ഗ്രാമത്തിൽ ജനനം. ജനിച്ച ഗ്രാമത്തെ സ്വന്തം പേരിനോട് ചേർത്ത് ജന്മഗ്രാമത്തെ അനശ്വരമാക്കിയ ജീവിതമായിരുന്നു അഴീക്കോടിന്റേത്. പാരമ്പര്യമുള്ള കുടുംബത്തിൽ പണ്ഡിതനായ പിതാവിനു പിറന്ന മകൻ. കൊമേഴ്സിൽ ബിരുദമെടുത്തു. പിന്നെ ആയുർവ്വേദപഠനം മദ്ധ്യവഴിയിലുപേക്ഷിച്ചു. പിന്നീട് സംസ്കൃതത്തിലും മലയാളത്തിലും ആഴമായ അവഗാഹം തെളിയിച്ചു. ജോലി അന്വേഷിച്ച് പോയത് ഡൽഹിക്ക്. നാട്ടിലേക്ക് മടങ്ങുംവഴി വാർധയിലിറങ്ങി ഗാന്ധിദർശനം. ഗാന്ധിജിയെ കണ്ടതോടെ തന്റെ ജീവിതദർശനമാകെ മാറിയെന്ന് അഴീക്കോടിന്റെ സാക്ഷ്യം. പതിനെട്ടുവയസ്സിൽ പുസ്തകമെഴുതിത്തുടങ്ങിയ അഴീക്കോടിന്റെ അരങ്ങേറ്റം ദീനബന്ധുവിൽ പത്രാധിപരായിട്ടായിരുന്നു. പിന്നെ രാജാസ് സ്കൂളിൽ അദ്ധ്യാപകൻ. സംസ്കൃതത്തിലും മലയാളത്തിലും ബിരുദാനന്തരബിരുദം. ദേവഗിരി കോളജിൽ അദ്ധ്യാപകനായിരിക്കെ തലശ്ശേരിയിൽനിന്നും പാർലമെന്റിലേക്ക് കോൺഗ്രസ് സ്ഥാനാർത്ഥി.മത്സരം ആത്മമിത്രമായിരുന്ന എസ്.കെ.പൊറ്റെക്കാടിനോട്. ഗാന്ധിഭക്തനായ അഴീക്കോടിന് ആരാധന നെഹ്റുവിനോട്. എന്നാൽ നെഹ്റുവിന്റെ മകൾ കോൺഗ്രസിനെ പിളർത്തിയപ്പോൾ അഴീക്കോട് ഇന്ദിരാഗാന്ധിയുടെ എതിർചേരിയിലും.

പ്രായേണ ചെറുപ്പത്തിൽ തന്നെ അഴീക്കോട് സാഹിത്യസമ്മേളനങ്ങളിൽ താരമായി. പ്രസംഗവേദികളിൽ അക്ഷരങ്ങൾകൊണ്ട് അഗ്നിസ്ഫുലിംഗങ്ങൾ സൃഷ്ടിച്ച അഴീക്കോടിന് കേരളത്തിലെ ജനപ്രിയ പ്രഭാഷകനാകാൻ പ്രയാസമേതുമുണ്ടായതുമില്ല. ഗാന്ധിജിയെ ഗ്രാമഗ്രാമാന്തരങ്ങളിലും പരിചയപ്പെടുത്തിയ ഒരു അഖണ്ഡപ്രസംഗയജ്ഞമായി അഴീക്കോടിന്റെ ജീവിതംതന്നെ. എഴുതിയ ഗ്രന്ഥങ്ങൾക്കു കണക്കില്ല; കിട്ടിയ പുരസ്കാരങ്ങൾക്കും. കേരളത്തിലുടെനീളം അഴീക്കോടിനെപ്പോലെ പ്രസംഗിച്ച പ്രഭാഷകരുമില്ല. കേരള സാഹിത്യ പരിഷത്തിന്റെ അദ്ധ്യക്ഷനായി ഒരു വ്യാഴവട്ടത്തിലേറെ പ്രവർത്തിച്ച അഴീക്കോട് കേരളസാഹിത്യ അക്കാദമിയിലും കേന്ദ്രസാഹിത്യ അക്കാദമിയിലും അംഗമായി. പിന്നീട് ഡോക്ടർ അനന്തമൂർത്തിക്കുവേണ്ടി കേന്ദ്രസാഹിത്യ അക്കാദമി പ്രസിഡന്റ് സ്ഥാനത്തേക്കുള്ള മത്സരത്തിൽനിന്ന് പിൻമാറിയ അഴീക്കോട് അനന്തമൂർത്തിയുടെ അഭ്യർത്ഥനപ്രകാരം ബുക്ക് ട്രസ്റ്റിന്റെ ചെയർമാനുമായി. ആ വകയിൽ മൂന്നു വർഷത്തെ ഡൽഹിവാസവും.

മൂത്തകുന്നം ട്രെയിനിംഗ് കോളജിൽ പ്രിൻസിപ്പൽ ആകുമ്പോൾ വയസ് മുപ്പത്തിയാറുമാത്രം. ഒരുപക്ഷെ ഏറ്റവും പ്രായംകുറഞ്ഞ പ്രിൻസിപ്പലെന്ന റെക്കാർഡും അഴീക്കോടിനാകണം. പിന്നീട് കോഴിക്കോട് സർവ്വകലാശാലയിൽ മലയാളം പഠനം വകുപ്പ് മേധാവി. നാലുവർഷം അവിടെ പ്രോ വൈസ്ചാൻസലറും. കുറച്ചുകാലം ആക്ടിംഗ് വൈസ്ചാൻസലറും. ക്ഷേത്രദർശനത്തിന് പോകാത്ത ഭക്തൻ. അഴീക്കോട് ഒരിക്കലും നിരീശ്വരനോ കടുത്ത യുക്തിവാദിയോ ആയിരുന്നില്ല. ഗുരുവായൂർ അമ്പലനടയിൽ പതിനെട്ടുപ്രാവശ്യം പ്രസംഗിച്ചിട്ടുണ്ടെന്ന് അഴീക്കോടിന്റെ സാക്ഷ്യം. എന്നാൽ ഒരിക്കൽപോലും ശ്രീകോവിലിനു മുന്നിൽ ദർശനത്തിനു പോയിട്ടില്ലത്രെ. ശ്രീകൃഷ്ണഭഗവാന്റെ ആരാധകനും.

വൈരുദ്ധ്യങ്ങളുടെ കലവറയായിരുന്നു അഴീക്കോട്. ഏതു മിത്രത്തേയും അരനിമിഷംകൊണ്ട് ശത്രുവാക്കാനുള്ള അപാരമായ ഒരു സിദ്ധിയും അഴീക്കോടിനുമാത്രം സ്വന്തം. പിണക്കങ്ങളൊന്നും വ്യക്തിപരമായിരുന്നുവെന്നും പറഞ്ഞുകൂടാ. ഇണങ്ങുവാനും അഴീക്കോടിന് അധികസമയം വേണ്ടിയിരുന്നില്ലല്ലോ. അതായിരുന്നു അഴീക്കോട്.

സൗഹൃദങ്ങളെ വിലമതിച്ചിരുന്ന അഴീക്കോടിനു സൗഹൃദങ്ങളിൽ പ്രായഭേദമുണ്ടായിരുന്നില്ല. ശിശുക്കളോടും യുവാക്കളോടും അനായാസം ഇടപെട്ടിരുന്ന അഴീക്കോടിനു സമപ്രായക്കാരോടും ആഴമായ സൗഹൃദം പുലർത്തുവാൻ പ്രയാസമുണ്ടായില്ല.

നവഭാരതവേദിയുടെ നായകൻ എന്ന നിലയിലാണ് അഴീക്കോട് സാമൂഹികവിമർശനത്തിന്റെ മൂർച്ചയേറിയ പടവാളായത്. മുന്നണികളേയും സർക്കാരുകളേയും അഴീക്കോട് മുൾമുനയിൽ നിർത്തി. ഒരുപക്ഷെ, വാക്കും എഴുത്തുംകൊണ്ട് കേരളീയ സമൂഹത്തിൽ അരനൂറ്റാണ്ടിലേറെ തങ്ങളുടെ സാന്നിദ്ധ്യം നിലനിർത്തിയവർ ഇ.എം.എസും അഴീക്കോടും മാത്രമായിരിക്കണം. കാസർകോട്ടെ ക്യാപ്റ്റൻ നമ്പ്യാരെയും കണ്ണൂരിലെ പ്രൊഫ.മുഹമ്മദിനെയും തലശ്ശേരിയിലെ എം.പി.ബാലകൃഷ്ണനെയും അഡ്വ.ജമീലിനെയും പാലക്കാട്ടെ കാശിവിശ്വനാഥനെയും തൃശൂരിലെ പ്രൊഫ.വിക്രമാദിത്യനെയും രാജനെയും എറണാകുളത്തെ സ്ലീബാദാസനെയും ആലപ്പുഴയിലെ ജേക്കബ് അറയ്ക്കലിനെയും തോട്ടപ്പള്ളിയിലെ സുരേഷിനെയും ആർ.വി. ജോസിനെയും, ഇടുക്കിയിലെ ഫാ.വെള്ളാപ്പള്ളിയെയും പത്തനംതിട്ടയിലെ അഡ്വ.ശശി ഫിലിപ്പിനെയും ഡോ.ജോസ് പാറക്കടവിലിനെയും കോട്ടയത്തെ ഡി.സി.കിഴക്കേമുറിയെയും, ഇ. മാമ്മൻ സാറിനെയും ഏഴാഞ്ചേരി റോയിയെയും ഈ ലേഖകനെയും തിരുവനന്തപുരത്ത് സുഗതകുമാരി ടീച്ചറെയും ദത്തനെയും എല്ലാം അഴീക്കോട് ആദർശത്തിന്റെ നവഭാരതവേദിച്ചങ്ങലകൊണ്ടാണ് പരസ്പരം ബന്ധിപ്പിച്ചത്. നവഭാരതവേദിയിലൂടെ അഴീക്കോട് തന്നെതന്നെ ഒരു പ്രസ്ഥാനമാക്കുകയായിരുന്നു.



ജീവിതത്തെയും ഭാഷയെയും സാഹിത്യത്തെയും ഇത്രമേൽ ആഴമായി പ്രണയിച്ചവർ അധികമുണ്ടാകുവാൻ ഇടയില്ല. തന്റെ രോഗത്തെയും മരണശയ്യയേയും പോലും അഴീക്കോട് പൊട്ടിപ്പോയ സൗഹൃദങ്ങളെ വീണ്ടും ഇണക്കിച്ചേർക്കുവാനുള്ള സന്ദർഭമാക്കുകയായിരുന്നു. തന്റെ കടുത്ത വിമർശകരും വിരോധികളുമെന്ന് സമൂഹം ധരിച്ചുവശായിരുന്ന രാഷ്ട്രീയത്തിലെയും സാഹിത്യത്തിലെയും സമുദായ സംഘടനകളിലെയും പ്രമുഖരെ മാത്രമല്ല, എന്തിന് സിനിമയിലെ നായകരെപ്പോലും തന്റെ രോഗശയ്യക്കരികെ നിർത്തി അഴീക്കോട് അനുരഞ്ജ്ജനത്തിന്റെ മറ്റൊരു 'പുസ്തക'മെഴുതിയാണ് ലോകത്തോടു വിടപറഞ്ഞത്. അഴീക്കോടിന്റേത് എല്ലാ അർത്ഥത്തിലും ഭാഗ്യജീവിതമായിരുന്നു; ഭാഗ്യമരണവും. അഴീക്കോടിനെപ്പോലെ അഴീക്കോട് മാത്രം.

# സിനിമയും നവമാധ്യമങ്ങളും




ഗ്രീക്ക് ബ്ലോഗൻമാരുടെ സൃഷ്ടികളെ അടിസ്ഥാനമാക്കി ഹ്രസ്വചിത്രങ്ങൾ നിർമ്മിച്ചിട്ടുണ്ട്. തന്റെ പിതാവായ നിക്കോസ് പ്ലാവിയോസിന്റെ ഒരു ബ്ലോഗ് പോസ്റ്റിനെ അടിസ്ഥാനമാക്കി ചിത്രീകരിച്ച വാട്ട് ഈസ് ദാറ്റ് (What is that-youtube.com) എന്ന ഹ്രസ്വചിത്രം നൽകുന്നത് സ്നേഹത്തിന്റെ എത്രയോ ഉദാരമായ അനുഭൂതികളാണ്. മലയാളത്തിൽ അടുത്ത കാലത്ത് സോഷ്യൽ മീഡിയയിൽ ഏറെ ചർച്ച ചെയ്യപ്പെട്ട ഹ്രസ്വചിത്രമാണ് നിഥുന നെവിൽ ദിനേശിന്റെ മീൽസ് റെഡി (meals ready) ഒരുവാക്കു പോലും മിണ്ടാതെ ലക്ഷക്കണക്കിന് ആരാധകരെ നേടിയ ഒരു മികച്ച ഷോർട്ട്ഫിലിമാണിത്.

അഴിമതി, സ്വജന പക്ഷപാതം, മദ്യ മയക്കുമരുന്ന് തുടങ്ങിയ ദുഷ്പ്രവണതകൾക്കെതിരെ വിരൽചൂണ്ടാനും അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ പൊരുതാനും പുത്തൻ അറിവുകൾ പകർന്നുനൽകാനും ഈ ദൃശ്യ മാധ്യമത്തെ ഫലപ്രദമായി ഉപയോഗിക്കാം. ഇത്തരം ആശയങ്ങൾ പ്രതിഫലിപ്പിക്കുന്ന അനേകം ചെറുസിനിമകൾ യൂട്യൂബിലുണ്ട്. സാങ്കേതിക മികവും മിഴിവും എല്ലാത്തിനും അവകാശപ്പെടാൻ കഴിയില്ല എന്നുമാത്രം. കലാമൂല്യമുള്ളതും ശ്രദ്ധിക്കപ്പെടേണ്ടതുമായ വിഷയങ്ങൾ പ്രേക്ഷകരിലെത്തിക്കുവാൻ ഈ മാധ്യമത്തിലൂടെ കഴിയും.

റിലീസ് ചെയ്ത പുതിയ സിനിമകൾ തീയേറ്ററുകളിൽ നിന്ന് പകർത്തി ഇന്റർനെറ്റിലൂടെ പ്രദർശിപ്പിക്കുന്ന പ്രവണതയേറിയിരിക്കുന്നു ഇപ്പോൾ. സൈബർ കുറ്റകൃത്യത്തിന്റെ പരിധിയിൽ വരുന്ന ഈ ദുഷ്കൃത്യം അഭംഗുരം തുടരുന്നു എന്നാണ് ആന്റി പൈറസി സെൽ നിരത്തുന്ന കേസുകളുടെ കണക്കുകൾ സൂചിപ്പിക്കുന്നത്. സിനിമാ നിർമ്മാണമേഖല നേരിടുന്ന പ്രതിസന്ധികളിൽ പ്രധാനപ്പെട്ട ഒരു വസ്തുതയാണിത്. ഇതുകൊണ്ടുതന്നെ സിനിമ ബിസിനസ്സിലും കാര്യമായ മാറ്റങ്ങൾ വരാൻപോകുന്നതിന്റെ സൂചനകൾ ലഭ്യമായിക്കഴിഞ്ഞു.

റിലീസ് ചെയ്ത സിനിമകൾ പണം കൊടുത്തു കാണാനുള്ള സംവിധാനം യുട്യൂബ് അമേരിക്കയിൽ ആരംഭിച്ചിരിക്കുന്നു. ഇത് ലോകത്താകമാനം ലഭ്യമാകുന്ന കാലം വിദൂരമല്ല. വീഡിയോ അവകാശം വിൽക്കുന്നതോടൊപ്പം ഇന്റർനെറ്റ് പ്രദർശനാവകാശവും പണം വാങ്ങി വിൽക്കാനുള്ള ഏർപ്പാടുകൾ വരുന്ന കാലം അകലെയല്ല.

സാമ്പത്തിക നേട്ടമുണ്ടാക്കാനുള്ള ഇടമായും യുട്യൂബ് മാറിക്കഴിഞ്ഞു. അപ് ലോഡുചെയ്യുന്ന വീഡിയോയ്ക്ക് കാഴ്ച്ചക്കാർ കൂടുന്നുണ്ടെങ്കിൽ പരസ്യം നൽകി വരുമാനമുണ്ടാക്കാം. സൈറ്റുകൾ സന്ദർശിക്കുന്നവരുടെ എണ്ണം കൂടുന്നതിനനുസരിച്ച് വരുമാനവും കൂടും.

കാഴ്ചയിലൂടെയും പ്രശസ്തിയിലൂടെയും പണസമ്പാദനത്തിന്റെയുമൊക്കെ പുതിയ ഇടങ്ങൾ സൃഷ്ടിക്കുന്ന 'യുട്യൂബ്' പുതിയ തലമുറയുടെ തരംഗമാകുന്നതിൽ അത്ഭുതമില്ലല്ലോ.

മെയ് 14 ഗുരുസമാധി

# ഗുരുനിത്യചൈതന്യ യതി

ജോർജ് തഴക്കര



**ഊ**ട്ടിയിലെ ഫേൺഹില്ലിലുള്ള ഗുരുകുലം പുലർച്ചേയുണരുന്നത് ഗുരു നിത്യചൈതന്യയതിയുടെ പ്രഭാതയാത്രാരംഭത്തോടുകൂടിയാണ്. അപ്പോഴേയ്ക്കും ഗുരുകുലത്തിലെ അന്തേവാസികളും താല്ക്കാലിക സന്ദർശകരും ഉണർന്നിരിക്കും. ശിഷ്യരിൽ ചിലർ ഗുരുവിനോടൊപ്പം കൂടും. ചിലപ്പോൾ യാത്രയ്ക്കിടയിൽ പലതും സംസാരിക്കും. മറ്റു ചിലപ്പോൾ തികച്ചും മൗനമായിരിക്കും. സംസാരം സാധാരണജീവിതത്തെക്കുറിച്ചും മറ്റുമായിരിക്കും. യാത്രകഴിഞ്ഞു മടങ്ങിവരുമ്പോൾ ചുറ്റുള്ള വീടുകളിൽനിന്നും കുട്ടികളെത്തും. അവർക്ക് മിഠായിയോ ബിസ്കറ്റോ നൽകും. അപ്പോഴും പങ്കുവയ്ക്കലിന്റെയും സഹകരണത്തിന്റെയും പാഠങ്ങളായിരിക്കും പറയുക. തത്വചിന്തകളും പുരാണേതിഹാസങ്ങളും അതിന്റെ അന്തർധാരയായിരിക്കും. സമാഗമനകൂടാരത്തിനു ചുറ്റും വീണ അപ്പത്തിന്റെയും കൊഴിഞ്ഞ ഇലകൾ കണ്ടുനിന്ന ഗൗതമന്റെ ചിന്തയുമൊക്കെ ഇടകലർന്ന വാക്കുകൾ.

പിന്നീട് എല്ലാവരും പ്രാർത്ഥനാമുറിയിൽ കൂടും. തകരഷെഡ്ഡായ ആ മുറി തന്നെയാണ് വരുന്നവരെ സ്വീകരിക്കുന്ന പ്രധാനമുറിയും. എല്ലാവരും ശുദ്ധിവരുത്തി എത്തുമ്പോഴേയ്ക്കും ഗുരു അവിടെയുണ്ടാവും.

ഒരുമണിക്കൂർ ധ്യാനമാണ്. മരങ്ങളിൽ കാറ്റുതല്ലി കടന്നുപോകുന്നതൊഴിച്ചാൽ മറ്റൊരൊച്ചയും അവിടെയുണ്ടാവില്ല.

ധ്യാനം അവസാനിക്കുന്നത് ബൃഹദാരണ്യകോപനിഷത്തിലെ പ്രസിദ്ധമായ ശ്ലോകത്തോടെയാണ്.

*ഓം പൂർണ്ണമദഃ പൂർണ്ണമിദം*
*പൂർണ്ണാത് പൂർണ്ണമുദച്യതേ*
*പൂർണ്ണസ്യ പൂർണ്ണമാദായ*
*പൂർണ്ണമേവാവശിഷ്യതേ*
*ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ*

പൂർണ്ണത്തിൽനിന്നും പൂർണ്ണം എടുത്തുമാറ്റിയാലും അവശേഷിക്കുന്ന പൂർണ്ണതയുടെ വലിയ രഹസ്യം വെളിവാക്കുന്ന ഉപനിഷത്തു സൂക്തം.

പിന്നീട് ഓരോരുത്തർക്കും സ്വകാര്യതയുടെതായ കുറേ സമയം. പൊതുമുതൽ എന്നെണ്ണുന്ന ഊട്ടുപുര. എല്ലാവരും അവിടെ പാചകത്തിലും മറ്റും സഹകരിക്കുന്നു. ഉച്ചയോടടുക്കുന്ന നേരത്ത് കഞ്ഞിയും കൂട്ടുതോരനും.

വായനയ്ക്കും മനനത്തിനുമുള്ള സമയമാണ് പിന്നീട്.

നട്ടുച്ചയ്ക്കും ശീതക്കാറ്റു വിട്ടുമാറാത്ത അന്തരീക്ഷം. യൂക്കാലിപ്സിന്റെ ഗന്ധം ഉഴിഞ്ഞുനിൽക്കുന്ന ചുറ്റുപാട്. വൈകിട്ട് വീണ്ടും പ്രാർത്ഥനാമുറിയിൽ എല്ലാവരും കൂടും. ഇതിനിടയിൽ ഗുരുവിന് സന്ദർശകരുണ്ടാവും. വായനയ്ക്കും മറ്റും സമയം കണ്ടെത്തും. സാധാരണ ഗുരുകുലത്തിന്റെ ഒരു ദിവസം ഇങ്ങനെ കടന്നുപോകുന്നു.

വ്യാഖ്യാനങ്ങൾ ചമയ്ക്കുന്നതിൽ അഗ്രഗണ്യനായിരുന്നുവല്ലോ ഗുരു. ഭഗവദ്ഗീതയ്ക്കും, ഉപനിഷത്തുക്കൾക്കും, ശ്രീനാരായണഗുരുദേവകൃതികൾക്കും അദ്ദേഹം നൽകിയിട്ടുള്ള വ്യാഖ്യാനങ്ങൾ പ്രസിദ്ധമാണ്. ഒന്നുരണ്ടു വ്യാഖ്യാനങ്ങൾ ചമയ്ക്കുന്ന സന്ദർഭത്തിന് സാക്ഷിയാകേണ്ടിവന്നത് ഓർത്തുപോകുന്നു.

പതഞ്ജലിയുടെ യോഗസൂത്രം വ്യാഖ്യാനം ചെയ്യുന്ന ഘട്ടമായിരുന്നു അതിലൊന്ന്. പ്രാർത്ഥനാവേളയിലെ മൗനം ചിലപ്പോൾ പെട്ടെന്നു മുറിയും. അവിടെ വ്യാഖ്യാനത്തിനു തുടക്കമാകും. ചെറിയ ശബ്ദത്തിൽ ഗുരു പറഞ്ഞുകൊണ്ടേയിരിക്കും. രചനാകാലയളവിൽ ശിഷ്യന്മാർ വ്യാഖ്യാനം എഴുതിയെടുക്കുന്നതിനുള്ള എല്ലാ തയ്യാറെടുപ്പുകളും നടത്തിയിരിക്കും. പേനയും പേപ്പറും ഓഡിയോയും ഒക്കെ റെഡിയാകും. അവർ പകർത്തിയെഴുതും. പകർത്തുകൾ കൂട്ടിച്ചേർത്ത് വ്യാഖ്യാനം ഏകദേശ രൂപത്തിലാക്കും. ഗുരു അത് വായിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തും. പകർപ്പിനിടയിൽ വിട്ടുപോയതോ, കൂട്ടിച്ചേർത്തതോ പകരം വച്ച വാക്കുകൾപോലു മോതിരിച്ചറിയുവാനുള്ള സിദ്ധി ഗുരുവിനുണ്ടായിരുന്നു.

ഒരു പ്രഭാതത്തിൽ അദ്ദേഹത്തിനോടൊപ്പം നടക്കാൻ പോയത് ഓർമ്മിക്കുന്നു. ഒരു പ്രത്യേക സ്ഥലത്ത് എത്തിയപ്പോൾ ഗുരു നിന്നു.

ഈ സ്ഥലത്തിന്റെ പ്രാധാന്യം അറിയുമോ എന്നു ചോദിച്ചു.

മുകളിലേക്കുള്ള നോട്ടത്തിൽ ആകാശം അടുത്താണെന്നും താഴെയ്ക്കുള്ള നോട്ടത്തിൽ താഴ്‌വാരം അഗാധമാണെന്നും മനസ്സിലായി.

ഇവിടെയാണ് എന്റെ സമാധിസ്ഥലം.

കേട്ടുവെന്നല്ലാതെ മറുപടി ഒന്നും പറഞ്ഞില്ല. അല്ലെങ്കിൽ തന്നെ ഗുരുവിന്റെ സാന്നിദ്ധ്യത്തിൽ ഞാൻ വാക്കുമറന്ന ഒരു കൊച്ചു കുട്ടിയായിരുന്നുവല്ലോ. ഗുരു പറയും. ഞാൻ കേൾക്കും അതായിരുന്നു രീതി.

ഐസ്ക്യൂബ് എന്നാണ് ആ സ്ഥലം അറിയുന്നത്. ഏറ്റവും അധികം ശൈത്യം അനുഭവപ്പെടുന്ന സ്ഥലമാണത്. അവിടം തെരഞ്ഞെടുക്കുവാനുള്ള കാരണം എന്തായിരിക്കും. മറ്റാരോടെങ്കിലും ഗുരുവത് പറഞ്ഞിട്ടുണ്ടാവും. സമാധി സ്ഥലത്തെക്കുറിച്ച് ഡി.സി.ബുക്സിലെ പ്രസിദ്ധീകരണവിഭാഗം മാനേജരായിരുന്ന കിളിരൂർ രാധാകൃഷ്ണൻ സാറിനോടും പറഞ്ഞിട്ടുള്ളതായി അദ്ദേഹം പറഞ്ഞിട്ടുണ്ട്.

ഗുരുകുലത്തിൽ വന്നവരെയൊക്കെ യാതൊരു മുൻവിധിയും കൂടാതെ ഗുരു സ്വീകരിച്ചിരുന്നു. ചിലപ്പോൾ അതിന്റെ പ്രതിരോധം നേരിടേണ്ടതായും വന്നിട്ടുണ്ട്. ഒരിക്കൽ വിദേശത്തുള്ള ഗുരുകുലത്തിൽനിന്നും ഗുരുവിന് വിലയേറിയ ഒരു ക്യാമറ ലഭിച്ചു. ശിഷ്യനെന്നു കരുതി വാത്സല്യപൂർവ്വം സ്നേഹിച്ചിരുന്ന ഒരുവൻ ഒരുവേള അതുംകൊണ്ടു കടന്നുകളഞ്ഞു. അങ്ങനെയുള്ള ശിഷ്യന്മാരും ഗുരുവിനുണ്ടായിരുന്നു. ക്യാമറ നഷ്ടപ്പെട്ടപ്പോഴും അതു തനിക്കുള്ളതല്ലായിരുന്നു എന്ന ഭാവമാണ് അദ്ദേഹത്തിൽ കണ്ടത്.

ഈസ്റ്റ് വെസ്റ്റ് യൂണിവേഴ്സിറ്റി ഓഫ് ബ്രഹ്മവിദ്യയെപ്പറ്റി അറിയുവാൻ ഒരു സംഘം യു.ജി.സിയിൽനിന്നും എത്തി. സിലബസിലുള്ള വിദ്യാഭ്യാസമല്ലാതിരുന്നതിനാൽ ആ പേര് ഉപയോഗിക്കുന്നതിൽ യു.ജി.സി വിയോജിപ്പ് പ്രകടപ്പിച്ചു. അറിവിനെ ബന്ധിക്കുന്ന പാഠ്യസമ്പ്രദായത്തോട് ഗുരുവിന് എന്നും വിയോജിപ്പായിരുന്നു. അക്കാദമിക് തലത്തിൽ ഇതൊക്കെ മനസ്സിലാക്കുവാൻ ഇനിയെത്ര കമ്മീഷനുകൾ വേണ്ടിവന്നേക്കും.

അമ്മയ്ക്ക് കണ്ണിന്റെ ഓപ്പറേഷൻ കഴിഞ്ഞുവെന്ന് സന്ദർഭവശാൽ കത്തിലെഴുതിയപ്പോൾ ലഭിച്ച മറുപടി അതിലും രസകരമായിരുന്നു.

ഒരു കത്തോലിക്ക മാസികയിലേക്ക് ഒരു ലേഖനം ആവശ്യപ്പെട്ട സന്ദർഭത്തിലാണ് ഈ കത്തുലഭിച്ചതെന്നും ലേഖനം എഴുതാൻ അതു പ്രേരണയായിയെന്നും ഞാൻ എന്റെ അമ്മയെക്കുറിച്ച് ദീർഘമായി ഒരു ലേഖനം എഴുതിയെന്നുമായിരുന്നു അതിൽ. പിന്നീട് ഈ ലേഖനം ഗുരുവിന്റെ അമ്മയുടെ നിര്യാണത്തോടനുബന്ധിച്ച് മലയാള മനോരമയിലും കൗമുദിയിലും പ്രസിദ്ധീകരിച്ചിരുന്നു. (അമ്മയ്ക്ക് സന്യാസം നൽകിയതും ഗുരുതന്നെയായിരുന്നു)

ഓർമ്മകളെ നിരുത്സാഹപ്പെടുത്തിക്കൊണ്ട് ചില ചിന്തകൾ കൂടി പങ്കുവയ്ക്കുന്നു.

വിശാലമായ ലൈബ്രറി ഗുരുകുലത്തിലുണ്ടായിരുന്നു. ശാസ്ത്രീയ മതഗ്രന്ഥങ്ങൾക്കായിരുന്നു മുൻതൂക്കം. ഇവിടെയുള്ള ഗ്രന്ഥശേഖരത്തിൽ പുതുപ്പള്ളി രാഘവൻ സഖാവിന്റെ സംഭാവന ചെറുതല്ലല്ലോ. വിപ്ലവകാരിയുടെ വീട്ടിൽ ശാസ്ത്രമതഗ്രന്ഥങ്ങൾ കണ്ട് അമ്പരന്നുപോയ ഗുരുവിനെ കുറിച്ചുള്ള കഥ പ്രസിദ്ധമാണല്ലോ.

സ്നേഹസംവാദത്താൽ സകലതിനേയും ഏകീകരിക്കുവാൻ ഗുരു ശ്രമിച്ചിരുന്നു. സ്വാതന്ത്ര്യവും മോചനവും ജീവിതവും സ്നേഹത്തിലാകണമെന്ന ചിന്ത അദ്ദേഹത്തിനോടൊപ്പമുണ്ടായിരുന്നു.

സോക്രട്ടീസ്, ലാബോട്സ്, ഗൗതമബുദ്ധൻ, പ്ലോട്ടീനസ്, ജനകൻ, യാഞ്ജവൽക്യൻ, മാർക്കസ്, ഓറിയൽ, ബോധിധർമ്മൻ, സന്ത് തുക്കാറാം, ജ്ഞാനദേവ്, വാൾട്ട് വിറ്റ്മാൻ, സ്വാമി വിവേകാനന്ദൻ, സെന്റ് അഗസ്റ്റിൻ, സെന്റ് ഫ്രാൻസിസ്, സെൻ ജോൺ ഓഫ് ദി ക്രോസ്, കബീർദാസ്, അവ്വയാർ, വള്ളുവർ, ഭാരതീയൻ, ശ്രീനാരായണഗുരു, റൂസ്സോ, കാറൽമാക്സ്, രമണ മഹർഷി, ലിയോ ടോൾസ്റ്റോയി, സി.ജി.യുങ്, ബെർട്രാഡ് റസൽ, ജെ.കൃഷ്ണമൂർത്തി അങ്ങനെ ജ്ഞാനവും ബോധവും അറിവും പകർന്നുതന്നവരുടെ ചിന്തകൾ ഗുരുവിന് കൈമുതലായിരുന്നു. അനുയോജ്യമായ സന്ദർഭങ്ങളിൽ ഗുരുവറിയാതെ തന്നെ അവരുടെ ചിന്തകൾ കടന്നുവരുമായിരുന്നു.

ക്രിസ്തു അദ്ദേഹത്തിന്റെ ബലഹീനതയായിരുന്നുവെങ്കിലും ക്രിസ്തുമതത്തിലെ ചില കപടമുഖങ്ങളോട് ചിലപ്പോഴെങ്കിലും അദ്ദേഹത്തിനു പ്രതികരിക്കേണ്ടിവന്നിട്ടുണ്ട്. പെന്തക്കോസ്തുവിശ്വാസികളുടെ അലമുറയിടുന്ന പ്രാർത്ഥനാഹാളുകളിൽ പ്രവേശിച്ച് അവരുടെതായ രീതികൾ മനസ്സിലാക്കുവാനും ഗുരു ശ്രമിച്ചിട്ടുണ്ട് എന്നത് അധികമാർക്കും അറിയുവാൻ കഴിയാത്ത യാഥാർത്ഥ്യമാണ്.

ബൃഹദാരണ്യകോപനിഷത്തിന്റെ രചനയ്ക്കുശേഷമാണ് ഖുർ- ആൻ ഗൗരവമായി പഠനവിഷയമാക്കുന്നത്. ഇതിനുശേഷമായിരുന്നു ബൃഹദാരണ്യകോപനിഷത്ത് രചിച്ചിരുന്നതെങ്കിൽ അത് കുറേക്കൂടി ശക്തമാകുമായിരുന്നുവെന്ന് ഗുരു അഭിപ്രായപ്പെട്ടിട്ടുണ്ട്. പിൽക്കാല കൃതികളെയും ഉൾക്കൊള്ളുവാനുള്ള വലിപ്പം ഉപനിഷത്തുകൾക്കുണ്ട് എന്നതാണ് അതിന്റെ അർത്ഥമെന്ന് ഞാ ൻ മനസ്സിലാക്കുന്നു.

നാലായിരത്തിൽ കുറയാത്ത കത്തെഴുത്തു സുഹൃത്തുക്കൾ അദ്ദേഹത്തിനുണ്ടായിരുന്നു. അതെല്ലാം ഇനം തിരിച്ച് പ്രത്യേക ഫയലുകളാക്കി സൂക്ഷിച്ചിരിക്കുന്നതുകാണുമ്പോൾ എത്രയധികം കാര്യങ്ങൾ ഒരേസമയത്തു ചെയ്യുവാനും ചെയ്യിക്കുവാനും അദ്ദേഹത്തിനു കഴിഞ്ഞിരുന്നുവെന്ന് മനസിലാകും.

തത്വചിന്തയുടെ കനത്ത ഭാരത്തിനിടയിലും ഈർപ്പം പടർന്ന ജനാലയ്ക്കൽ വന്നിരിക്കുന്ന ചെറുപക്ഷിയുടെ ചലനങ്ങൾ ശ്രദ്ധിച്ച് ചിന്തയെ ലാഘവപ്പെടുത്തുവാനും ദർശനങ്ങൾക്കു മൂർച്ചവരുത്തുവാൻ കഴിഞ്ഞിട്ടുള്ള സ ന്ദർഭങ്ങളായിരുന്നു അതൊക്കെയും.

സന്യാസി വെറുതെയിരുന്നു സമയം കളയേണ്ടവനല്ല. കൃഷിയിറക്കാനും വിളവെടുക്കാനും മുന്നിട്ടിറങ്ങേണ്ടവനാണെന്നും കാണിച്ചുകൊടുക്കുവാൻ ഗുരുവിനു കഴിഞ്ഞിട്ടുണ്ട്.

നടരാജഗുരു തുടങ്ങിവച്ച ഗുരുസംസ്കാരത്തെ കടലുകൾക്കപ്പുറത്ത് എത്തിക്കുവാൻ അദ്ദേഹത്തിന്റെ ഓരോ യാത്രയും അവസരമൊരുക്കിയിട്ടുണ്ട്.

ശാസ്ത്രമായാലും കലയായാലും സാഹിത്യമായാലും സംഗീതമായാലും ജാതിമതങ്ങളിൽ നിന്നു ഉരുത്തിരിഞ്ഞു വരുന്ന വർഗീയത പോലെ കുടുസായ രാഷ്ട്രീയ വീക്ഷണത്തെ മുന്നിൽവച്ചുകൊണ്ട് തത്വാവിഷ്കാരമോ, ഭാവാവിഷ്ക്കാരമോ ഉണ്ടാക്കിയാൽ അതു പുതിയൊരു വർഗീയത ഉണ്ടാക്കുമെന്ന പക്ഷക്കാരനായിരുന്നു ഗുരു.

ഫിസിക്സും കെമസ്ട്രിയും പഠിക്കുന്നതിനേക്കാൾ നല്ലതാണ് ഹൃദയം തുറന്നു ചിരിക്കാൻ കഴിയുന്നതെന്നു പറഞ്ഞിട്ടുള്ള ഗുരുവിന്റെ യാത്ര സഞ്ചാരസാഹിത്യത്തിൽനിന്നും വിട്ടുനിൽക്കുന്നതായിട്ടാണ് പൊതുവെ വിലയിരുത്തപ്പെടുന്നത്. മനുഷ്യപ്രകൃതിയിലൂടെയുള്ള സഞ്ചാരമാണത്. കാലവും ദേശവും അതിലെ അവസ്ഥാന്തരങ്ങളാകുന്നുവെന്നുമാത്രം. തെക്കെ അമേരിക്ക ഒഴിച്ചുള്ള ഭൂഖണ്ഡങ്ങളിലൂടെ ഒന്നിലധികം പ്രാവശ്യം സഞ്ചരിച്ചിട്ടുണ്ട്. മുൻവിധികളെ ഒഴിവാക്കി മനുഷ്യനെയും പ്രകൃതിയേയും സ്നേഹിക്കാൻ പഠിച്ചു. യാത്രയുടെ ഒടുവിൽ ഗുരു കണ്ടെത്തിയ ഒരു സത്യമുണ്ട്. മഹാഭാരതയുദ്ധം അവസാനിച്ചിട്ടില്ല. മഹാമാനവ യുദ്ധമായി അത് വളർന്നിരിക്കുന്നു. വിപത്തിനെ ഒഴിവാക്കാൻ തീർത്ഥയാത്രകൾ നടത്തേണ്ടതുണ്ട്. അത് ബാഹ്യപ്രപഞ്ചത്തിലൂടെയും ആത്മപ്രപഞ്ചത്തിലൂടെയുമുള്ള യാത്രയായിരിക്കണം. തിരിച്ചറിയാത്ത മുഖങ്ങൾക്കിടയിൽ തിരിച്ചറിയുന്ന ഊഷ്മളതയായിരുന്നു ഗുരുവിന്റെ ഓരോ യാത്രയും.

ഗായത്രിയും സങ്കീർത്തനവും ഗിരിപ്രഭാഷണവും ഗീതയും ധർപദവും ഖുർ-ആനും ഹൃദയത്തോട് ഒരേസമയം ചേർത്തുപിടിച്ചു സംവദിച്ച ഗുരുക്കന്മാർ ഇക്കാലത്തുണ്ടായിട്ടില്ലായെന്നതാണ് സത്യം.